# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 21 ലക്കം 14 പേജ് 6 2015 മെയ് 15



2 ധ്യാനപീഠം

3 ദേവലോകത്തെ കെട്ടിട നിർമ്മാണം

4 ഭദ്രാസന മെത്രാപ്പോലീത്താ ഭദ്രാസനാധിപനല്ല

5 മലങ്കരസഭയിലെ സമാധാനം


## ശ്രേഷ്ഠ ബാവായുടെയും യാക്കോബായ സുന്നഹദോസിന്റെയും ആലോചനയോടുകൂടി മാത്രമേ സമാധാനചർച്ചകൾ നടക്കുകയുള്ളു എന്ന് പ.പാത്രിയർക്കീസ് ബാവാ

ന്യൂയോർക്ക് : മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാനുള്ള നടപടികൾ ശ്രേഷ്ഠ ബാവായുമായും പ്രാദേശിക യാക്കോബായ സുന്നഹദോസുമായി ആലോചിച്ചു മാത്രമേ നടക്കുകയുള്ളു എന്ന് പ.പാത്രിയർക്കീസ് ബാവാ വ്യക്തമാക്കി. അർമ്മീനിയായിൽവെച്ച് പ.അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായും പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും തമ്മിൽ കൂടിക്കാഴ്ച നടന്നതിനുശേഷം ആ വിവരം സംബന്ധിച്ച് ശ്രേഷ്ഠ ബാവായ്ക്ക് എഴുതിയിട്ടുള്ള കല്പനയിലാണ് പ.പാത്രിയർക്കീസ് ബാവാ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.അമേരിക്കയിൽ ന്യൂജേഴ്സി പാത്രിയർക്കാ കത്തീഡ്രലിൽ പാത്രിയർക്കീസ് ബാവായെ മെയ് നാലാം തീയതി സന്ദർശിച്ച യാക്കോബായ മെത്രാപ്പോലീത്തന്മാരായ എൽദോ മാർ തീത്തൂസ്, ഡോ.കുറിയാക്കോസ് മാർ തെയോഫിലോസ് എന്നിവരോടും യാക്കോബായ വൈദിക സെമിനാരി പ്രിൻസിപ്പാൾ ഫാ.ഡോ. ആദായി ജേക്കബ് കോർഎപ്പിസ്കോപ്പായോടും പാത്രിയർക്കീസ് ബാവാ ഇക്കാര്യം ആവർത്തിച്ച് വ്യക്തമാക്കി. പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായുള്ള കൂടിക്കാഴ്ച സൗഹാർദ്ദപരമായിരുന്നുവെന്നും സഭാസമാധാന ചർച്ചകൾക്കായി യാക്കോബായ വിഭാഗം സുന്നഹദോസ് ഒരു അനുരഞ്ജന കമ്മിറ്റിയെ നിയമിച്ചതായി പ.കാതോലിക്കാ ബാവായെ അറിയിച്ചതായും പ.പാത്രിയർക്കീസ് ബാവാ പറഞ്ഞു. ആ രീതിയിലുള്ള ഒരു കമ്മിറ്റിയെ ഓർത്തഡോക്സ് വിഭാഗവും സുന്നഹദോസിന്റെ ആലോചനയോടുകൂടി നിയമിക്കാമെന്ന് കാതോലിക്കാ ബാവാ പറഞ്ഞതായും പാത്രിയർക്കീസ് പറഞ്ഞു.

## മുഖ്യമന്ത്രി ഉൾപ്പെടെ ആറുമന്ത്രിമാരെ ബഹിഷ്ക്കരിക്കാൻ ഓർത്തഡോക്സ് സഭ തീരുമാനിച്ചതായി പി.സി.ജോർജ്

കോട്ടയം : മുഖ്യമന്ത്രി ഉൾപ്പെടെ ആറു മന്ത്രിമാരെ ബഹിഷ്ക്കരിക്കാൻ ഓർത്തഡോക്സ് സഭ തീരുമാനമെടുത്തിട്ടുണ്ടെന്ന് പ.കാതോലിക്കാ ബാവായെ ദേവലോകം അരമനയിലെത്തി സന്ദർശിച്ചശേഷം പി.സി.ജോർജ് പറഞ്ഞു. ഓർത്തഡോക്സ് സഭയ്ക്ക് സർക്കാരിൽനിന്നും അർഹമായ പരിഗണന ലഭിക്കുന്നില്ലെന്നും പി.സി. ജോർജ് പറഞ്ഞു. അതേസമയം മന്ത്രിമാരെ ബഹിഷ്ക്കരിക്കാൻ സഭ ഔദ്യോഗികമായി തീരുമാനം എടുത്തിട്ടില്ലെന്നാണ് ഓർത്തഡോക്സ് സഭാ വക്താവ് പ്രൊഫ.പി.സി. ഏലിയാസ് പറഞ്ഞത്. മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികൾ പരമാവധി കുറയ്ക്കണമെന്ന അഭിപ്രായം മാത്രമേ സുന്നഹദോസിൽ ഉയർന്നുവന്നിട്ടുള്ളു എന്ന് അദ്ദേഹം വ്യക്തമാക്കി. ഇത് സംബന്ധിച്ച് ഒരുദിവസം ചൂടേറിയ ചാനൽ ചർച്ചകളും സോഷ്യൽ നെറ്റുവർക്കിൽ തുടർചർച്ചകളും നടന്നിരുന്നു. എന്നാൽ അഭ്യൂഹങ്ങൾക്കെല്ലാം വിരാമമിട്ടുകൊണ്ട് പ.കാതോലിക്കാ ബാവാ തന്നെ ഓർത്തഡോക്സ് സഭയുടെ നിലപാട് വ്യക്തമാക്കി മാധ്യമപ്രവർത്തകരോട് സംസാരിച്ചു. സഭയോടുള്ള അവഗണനയോട് പ്രതിഷേധിച്ച് മന്ത്രിമാരെ ബഹിഷ്ക്കരിക്കുന്ന നടപടി തുടരുമെന്നാണ് പ.കാതോലിക്കാ ബാവാ വ്യക്തമാക്കിയിരിക്കുന്നത്. ഓർത്തഡോക്സ് സഭ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ചില മന്ത്രിമാരെ ബഹിഷ്ക്കരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടെന്ന് മലങ്കരസഭാദീപം നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ മാസം പുതുപ്പള്ളി, കൊച്ചി ഭദ്രാസനം, തുമ്പമൺ ഭദ്രാസനം തുടങ്ങി സഭയുടെ വിവിധ ഇടങ്ങളിൽ നടന്ന പല പരിപാടികളിലും മന്ത്രിമാരെ ഒഴിവാക്കുകയോ മന്ത്രിമാർ സംബന്ധിച്ച പരിപാടികളിൽനിന്ന് തിരുമേനിമാർ വിട്ടുനിൽക്കുകയോ ചെയ്തിട്ടുണ്ട്.

## ജീവകാരുണ്യ രംഗത്ത് മലങ്കരസഭ നടത്തുന്ന സേവനങ്ങൾ ശ്രദ്ധേയം : ഗവർണർ

കൊച്ചി : ക്രൈസ്തവ സഭകൾ ആതുര സേവന രംഗത്തും വിദ്യാഭ്യാസ മേഖലയിലും രാജ്യത്തിനു നൽകുന്ന സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നു ഗവർണർ ജസ്റ്റിസ് പി.സദാശിവം.

മലങ്കര ഓർത്തഡോക്സ് സഭ കൊച്ചി ഭദ്രാസനാധിപനായിരുന്ന യൂഹാനോൻ മാർ സേവേറിയോസിന്റെ ചരമ രജത ജൂബിലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജീവകാരുണ്യരംഗത്ത് മലങ്കരസഭ നടത്തുന്ന സേവനങ്ങൾ ശ്രദ്ധേയമാണെന്നും അദ്ദേഹം പറഞ്ഞു.

കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത

(ശേഷം പേജ് 2-ൽ)

## മന്ത്രിമാരെ ബഹിഷ്ക്കരിക്കുന്നതു സംബന്ധിച്ച പത്രവാർത്തകൾ

### മുഖ്യമന്ത്രിയെ ബഹിഷ്ക്കരിക്കും – ഓർത്തഡോക്സ് സഭ

കോട്ടയം : "സഭാംഗംകൂടിയായ മുഖ്യമന്ത്രിയെ ബഹിഷ്ക്കരിക്കും" – ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ചില മന്ത്രിമാരെയും ബഹിഷ്ക്കരിക്കും. അവകാശങ്ങൾ നിഷേധിക്കുന്നതിൽ പ്രതിഷേധിച്ചാണിത് – ദേവലോകം അരമനയിൽ തന്നെ കാണാനെത്തിയ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കാതോലിക്കാ ബാവാ.

മുഖ്യമന്ത്രി ഭരണം നിലനിർത്താനുള്ള ശ്രമത്തിലാണ്. സഭ അദ്ദേഹത്തിന് പ്രശ്നമല്ല. ചില എം.എൽ.എ.മാരെയും എം.പി.മാരെയുംകൂടി ബഹിഷ്ക്കരിക്കേണ്ടതായിരുന്നുവെന്നും ഇത് സമ്മർദ്ദതന്ത്രമല്ലെന്നും ബാവാ കൂട്ടിച്ചേർത്തു.

"സഭാതർക്കങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന പ്രത്യാശയുണ്ട്. എല്ലാവരും അർഹമായ അവകാശങ്ങൾ മാത്രം ഉന്നയിച്ചാൽ തർക്കം കുറയും. നിയമവ്യവസ്ഥയോടുള്ള വെല്ലുവിളി അപകടകരമാണ്. വാക്കുകൾക്ക് സ്ഥിരതയും വേണം. തർക്കം രണ്ടു സമൂഹങ്ങളുടെ പ്രശ്നമാണ്. അതിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായാൽ അംഗീകരിക്കാനാവില്ല. ഓർത്തഡോക്സ് സഭയ്ക്ക് രാഷ്ട്രീയമില്ല. മതവും രാഷ്ട്രീയവും എപ്പോഴും അകന്നുനിൽക്കുന്നതാണ് നല്ലത്" – ബാവാ പറഞ്ഞു. (മാതൃഭൂമി 2015 മെയ് 14)

### ബഹിഷ്ക്കരണ തീമാമാനത്തിൽ മാറ്റമില്ല : ബാവാ

കോട്ടയം : ചില മന്ത്രിമാരെ ബഹിഷ്ക്കരിക്കാനുള്ള ഓർത്തഡോക്സ് സഭയുടെ തീരുമാനത്തിൽ ഇതുവരെ മാറ്റമൊന്നും ഇല്ലെന്നു പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

അതുകൊണ്ടു സഭയ്ക്കോ സർക്കാരിനോ ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഇതു തുടർച്ചയായുള്ള അവഗണനയിലുള്ള പ്രതിഷേധം എന്നുമാത്രം. എന്നാൽ ഇത് എവിടെയെങ്കിലും രേഖപ്പെടുത്തുകയോ അറിയിപ്പായി പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. വിശ്വാസികൾക്ക് അവരുടേതായ തീരുമാനം എടുക്കാമെന്നും കാതോലിക്കാ ബാവാ പറഞ്ഞു.

സഭാവിഷയത്തിൽ ആരോടും വ്യക്തിപരമായ ശത്രുതയില്ല. ഉള്ളത് ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ മാത്രം. ഇരുവിഭാഗങ്ങളും അർഹതയുള്ള അവകാശങ്ങളിൽ ഒതുങ്ങിനിന്നാൽ തന്നെ തർക്കം കുറയും. തുടർന്ന് ഇരുവരും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകണമെന്നും കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. (മനോരമ, 2015 മെയ് 14)

### മന്ത്രിമാരെ ബഹിഷ്ക്കരിക്കൽ തുടരും : കാതോലിക്കാ ബാവാ

മന്ത്രിമാരെ ബഹിഷ്ക്കരിക്കാനുള്ള തീരുമാനം പിൻവലിക്കേണ്ട സാഹചര്യമില്ലെന്ന് മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിൽ യാക്കോബായ സുറിയാനി സഭാദ്ധ്യക്ഷനെ കൊണ്ടുപോകരുതെന്ന ആവശ്യം നിരാകരിച്ച് ഒരു സഭാവിഭാഗത്തെ പ്രകോപിപ്പിക്കാൻ സർക്കാർ മുന്നിട്ടിറങ്ങുകയാണു ചെയ്തെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

താൻ അർമ്മീനിയയിൽ സന്ദർശനത്തിനു ചെന്നപ്പോൾ ബിഷപ്പാണു സ്വീകരിക്കാനെത്തിയത്. പാത്രിയർക്കീസ് ബാവാ ഇവിടെയെത്തിയപ്പോൾ പോയി സ്വീകരിച്ചതു മുഖ്യമന്ത്രിയും. അതിന്റെ ആവശ്യമില്ലായിരുന്നു. അധികാരം നിലനിർത്തുകയാണ് മുഖ്യമന്ത്രിയുടെ ലക്ഷ്യം.

ആൾബലംകൊണ്ടല്ല സഭ ഭരിക്കേണ്ടത്. സഭകളിൽ പ്രതിസന്ധി സൃഷ്ടിക്കാൻ ഭരണകൂടങ്ങൾ ചിലർക്ക് ഒത്താശ ചെയ്യുകയാണ്.

ആധ്യാത്മിക നിലവാരമുണ്ടെങ്കിൽ ഏതു തർക്കവും പരിഹരിക്കാം. അതില്ലാത്തതാണ് തർക്കങ്ങൾ അവശേഷിക്കാൻ കാരണം.

മലങ്കരസഭയ്ക്ക് രാഷ്ട്രീയ അജണ്ടയില്ല. സർക്കാരും മതവും അകന്നുനിൽക്കുന്നതാണ് നല്ലതെന്ന അഭിപ്രായമാണ് സഭയ്ക്കുള്ളത്. ഇതിന്റെ പേരിൽ എന്തു നഷ്ടം സംഭവിച്ചാലും രാഷ്ട്രീയത്തിൽ ഇടപെടാനാവില്ല. യു.ഡി.എഫ്. മന്ത്രിമാരെ ബഹിഷ്ക്കരിക്കാൻ തീരുമാനിച്ചത് മറ്റു നിവൃത്തിയില്ലാത്തതിനാലാണെന്നും ബാവാ വ്യക്തമാക്കി. (മംഗളം 2015 മെയ് 14)

## ഉമ്മൻ ചാണ്ടിയെ ബഹിഷ്ക്കരിക്കുന്നതു തുടരും : ഓർത്തഡോക്സ് സഭ

**സ്വന്തം ലേഖകൻ**

കോട്ടയം : സഭാപരിപാടികളിൽ മുഖ്യമന്ത്രിക്കും സഹമന്ത്രിമാർക്കുമുള്ള വിലക്ക് തുടരുമെന്ന് ഓർത്തഡോക്സ് സഭാ പരമാധ്യക്ഷൻ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മുഖ്യമന്ത്രിയെയും മന്ത്രിമാരെയും ബഹിഷ്ക്കരിക്കാൻ സഭ എടുത്ത തീരുമാനത്തിൽ ഒരു മാറ്റവും വരുത്തേണ്ട സാഹചര്യമില്ലെന്ന് അദ്ദേഹം പറഞ്ഞു. അധികാരം നിലനിർത്താൻ ഏതു മാർഗ്ഗവും സ്വീകരിക്കുന്ന മുഖ്യമന്ത്രിയെ കണ്ടല്ല ഓർത്തഡോക്സ് സഭ നിലനിൽക്കുന്നത്. ഓർത്തഡോക്സ് സഭയ്ക്ക് ലഭിക്കേണ്ട പല അവകാശങ്ങളും

(ശേഷം പേജ് 2-ൽ)

# പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച

## ധ്യാനപീഠം

ഫാ.സോളമൻ ഒ.ഐ.സി.
കുന്നംകുളം

**പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച, (മത്താ. 10:5–16)**

വിദ്യാവിഹീനരും സാധാരണക്കാരുമായ വ്യക്തികൾ ആയിരുന്നു തെരെഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർ. “Well experienced and very smart people are selected for job oriented regions” ഇവിടെ സാധാരണക്കാരെ ദൈവരാജ്യത്തിന്റെ പ്രചരണത്തിന് അനുയോജ്യരും അനുരൂപരുമായി രൂപാന്തരപ്പെടുത്തുന്നു. യേശുവിന്റെ കൈകളിലേക്ക് കുശവൻ കൈകളിൽ കളിമണ്ണുപോലെ സമർപ്പിച്ചാൽ ഈ വർത്തമാനകാലത്തും അത്ഭുതങ്ങൾ ദർശിക്കും.

**1. അധികാര പൂർവ്വമായ നിയോഗം**

യേശു പന്ത്രണ്ട് ശിഷ്യന്മാരെ പ്രത്യേകം തെരെഞ്ഞെടുത്ത് പ്രത്യേക അധികാരങ്ങൾ നൽകി. പന്ത്രണ്ട് പേരെ വിളിച്ച് വേർതിരിച്ചത് നല്ല ലക്ഷ്യത്തോടെ ആയിരുന്നു.(മർക്കോ. 3:14–15) സകല ജാതികളേയും ശിഷ്യരാക്കുവാനുള്ള ദൗത്യവും അധികാരവും യേശുക്രിസ്തു ശിഷ്യന്മാർക്ക് നൽകിയത് ഉയിർപ്പിന്റെ ശേഷമാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു............ സകലജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ (മത്താ. 28:18–19) ഇന്നത്തെ ഏവൻഗേലിയോൻ ഭാഗത്ത് സ്വർഗ്ഗരാജ്യസന്ദേശവും സുവിശേഷവൽക്കരണവും യഹൂദജാതിക്ക് മാത്രമായി ചുരുക്കിയിരിക്കുന്നു. യഹൂദജാതിയാകുന്ന പാറമേൽ അടിസ്ഥാനമിട്ട് സകലജാതികളിലേക്കും പടർന്ന് പന്തലിക്കുന്ന ഒരു സഭയെക്കുറിച്ചായിരിക്കും യേശു ലക്ഷ്യമിട്ടത്. അധികാരപൂർവ്വമായ ഒരു ഭരമേൽപ്പിക്കൽ ഈ വേദഭാഗത്ത് കാണാം. യേശുക്രിസ്തുവിന്റെ വചനശക്തിയാലും പരിശുദ്ധാത്മ വ്യാപാരത്താലും പുതുമനുഷ്യരാക്കപ്പെട്ട അവസ്ഥാവിശേഷം. അത് നമ്മുടെ കണ്ണിനും ബുദ്ധിക്കും എത്തിപ്പിടിക്കാവുന്നതിലുപരിയാണ്. സ്വന്തം ബുദ്ധികൊണ്ടും ശക്തികൊണ്ടും യുക്തികൊണ്ടും വെട്ടിപ്പിടിക്കാൻ സാദ്ധ്യമല്ലാത്ത സാമ്രാജ്യമാണ് സ്വർഗ്ഗരാജ്യം. ദൈവരാജ്യവളർച്ചക്കാവശ്യമായ അധികാരവും നൽവരവുമാണ് ഗുരു ശിഷ്യന്മാർക്ക് നൽകിയത്. സാധാരണക്കാരേയും വിദ്യാവിഹീനരേയും വലിയകാര്യങ്ങൾ പ്രവർത്തിപ്പാൻ തക്കവണ്ണം ഒരുക്കിയെടുക്കുവാൻ ദൈവം ശക്തനാണ്. മകനെ നിന്റെ ഹൃദയം എനിക്ക് തരിക (സദൃശ. 23:26) നാം സ്വയം വിധേയപ്പെടണം. പരിപൂർണ്ണമായി സമർപ്പിക്കണം. ചെറിയവനായ ദാവീദിൽകൂടി വലിയവനായ ദൈവം പ്രവർത്തിച്ചപ്പോൾ വലിയകാര്യങ്ങൾ ഇസ്രായേൽ ജനം കണ്ടു. (1ശമു. 17:36–50)

**2. അനുഷ്ഠിക്കേണ്ട കടമകൾ**

ഒരു ശിഷ്യന് ആവശ്യം വേണ്ട നിർദേശങ്ങൾ, ഉപദേശങ്ങൾ, മുന്നറിയിപ്പുകൾ ആദിയായവ ഗുരു നൽകുന്നു. ആത്മശരീരമനസ്സുകളുടെ സൗഖ്യദാന വൈദ്യന്മാർ, പൊന്നും വെള്ളിയും മടിശ്ശീലയും ഇല്ലാത്തവർ, പഞ്ഞവും പട്ടിണിയും വിശപ്പും ദാഹവും അദ്ധ്വാനവും കൈമുതലായുള്ളവർ, യോഗ്യൻ യോഗ്യമായി തങ്ങളോട് പ്രവർത്തിക്കുമെന്നുള്ള പ്രത്യാശയോടെ കടന്നു ചെല്ലേണ്ടവർ. സൗജന്യമായി ലഭിച്ച സ്വർഗ്ഗീയ നൽവരങ്ങൾ വിലകൂടാതെ കൊടുക്കുവാൻ വിളിക്കപ്പെട്ടവർ, നിരപരാധി ആയിരിക്കെ തെറ്റുകാരനായി ചിത്രീകരിച്ച് വിമർശിക്കുന്നവരുടേയും, പുകഴ്ത്തിയും പ്രശംസിച്ചും സംസാരിക്കുന്നവരുടേയും ഭവനങ്ങളിൽ സമാധാന ആശംസകളുമായി കടന്നു ചെല്ലണം. ഒരു മനുഷ്യന്റെ പരിപൂർണ്ണ നന്മയും രക്ഷയും കാംക്ഷിക്കുന്ന മനസ്സാണ് സമാധാനം ആഗ്രഹിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ടത്. ദോഷവും ശാപവും ചിന്തിക്കുന്ന മനസ്സ് യേശുവിന്റെ ശിഷ്യന് അന്യമായിരിക്കണം.

**3. ചെന്നായുടെ നടുവിലെ കുഞ്ഞാട്**

ശിഷ്യന്മാർക്കുള്ളത് ക്ലേശപൂർണ്ണമായ പാതയാണ്. ഈ ലോകത്തിലെ സുഖജീവിതത്തിന് അനുയോജ്യമായ വാഗ്ദാനം ക്രിസ്തു നൽകിയിട്ടില്ല. സുരക്ഷിതമല്ലാത്ത മേഖലയിൽ പ്രവർത്തിച്ചേ മതിയാവൂ. ഏത് നിമിഷവും ജീവൻ അപകടത്തിലാകാനുള്ള സാദ്ധ്യതയുണ്ട്. ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടതില്ല. ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ. ദേഹിയേയും ദേഹത്തേയും നരകത്തിൽ നശിപ്പിക്കാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ (മത്താ. 10:28) ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ടതില്ല. ഇടുക്കവും ഞെരുക്കവുമുള്ള കഷ്ടപ്പാടിന്റെ പാതയാണ് ഇത്. വിശാലമായ വഴി പ്രിയങ്കരവും ആകർഷണീയവുമാണ്. ശരീരത്തിനും മനസ്സിനും പ്രിയങ്കരമായതെല്ലാം ആത്മാവിന്റെ പോഷണത്തിന് ഉതകണമെന്നില്ല. ത്യാഗവും വേദനയും ബുദ്ധിമുട്ടുമുള്ള സാഹസികതയുടെ പാത യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്രയാണ്.

ഗത്സമനതോട്ടത്തിൽ നിന്നും പിടിക്കപ്പെട്ടതു മുതൽ ക്രൂശിലെ മരണസമയം വരെ യേശു ചെന്നായ്ക്കളുടെ നടുവിലെ കുഞ്ഞാടായിരുന്നു. കല്ലേറിഞ്ഞു കൊല്ലപ്പെട്ട സ്തേഫാനോസ് ശെമ്മാശന്റെ അനുഭവവും മറ്റൊന്നായിരുന്നില്ല. പരിശുദ്ധ ശ്ലീഹന്മാർ ഉൾപ്പെടെ ആദിമസഭയിൽ എത്രയോ രക്തസാക്ഷികൾ! ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല.

**പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച, (യോഹ. 6:35–46)**

ശാരീരിക വളർച്ച, ബുദ്ധിപരമായ വളർച്ച, ആത്മീയ വളർച്ച അഥവാ ശരീരശക്തി, ബുദ്ധിശക്തി, ആത്മീയശക്തി – ഈ വളർച്ചകളോ ശക്തികളോ സന്തുലിതാവസ്ഥയിൽ നിലനിന്നാൽ അങ്ങനെയുള്ള വ്യക്തികൾ സഭയ്ക്കും സമൂഹത്തിനും, കുടുംബത്തിനും നല്ലഫലം തരുന്ന വൃക്ഷങ്ങളായിരിക്കും. ശാരീരിക വളർച്ചക്കും ശക്തിക്കും നാം ഭക്ഷണപാനീയങ്ങളെ ആശ്രയിക്കുന്നു. ബുദ്ധിപരമായ വളർച്ചക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ സഹായകമാണ്. ആത്മീയ വളർച്ചക്കും ശക്തിക്കും ദൈവീകമേഖലകൾ പ്രയോജനപ്പെടും. ദൈവീകമേഖലകൾ ഏതെല്ലാം എന്നത് വളരെ വിശദമായ ചർച്ചകൾക്ക് ഉതകുന്ന വിഷയമാണ്. അതിൽ ഒരു സുപ്രധാന വിഷയമാണ് യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 6–ാം അദ്ധ്യായത്തിൽ ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന യേശുക്രിസ്തുവിന്റെ പ്രസ്താവനയും വിശദീകരണങ്ങളും.

**ജീവന്റെ അപ്പം മരണമില്ലായ്മയുടെ ഔഷധം (Medicine of immortality)**

മർത്യൻ മരണമുള്ളവൻ. ഭക്ഷണം കഴിച്ചാലും മരിക്കും, കഴിച്ചില്ലെങ്കിലും മരിക്കും. ഏതെല്ലാം ഔഷധം കഴിച്ചാലും ഒരിക്കൽ മരിക്കും. കഴിച്ചില്ലെങ്കിലും മരിക്കും. ഇന്ന് നിലവിൽ ഒരു വൈദ്യനുമില്ല മരുന്നുമില്ല മനുഷ്യനെ മരണമില്ലാത്ത അവസ്ഥയിൽ നിലനിർത്താൻ. ദൃശ്യലോകത്തിൽ ജീവിക്കുന്ന മനുഷ്യന്റെ ആയുസ്സിന് പരിധിയുണ്ട്. ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും . പാപമോചനത്തിനും നിത്യജീവനും വേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു ഇത്. ഭൂമിയിൽ നിന്നുള്ള അപ്പം മർത്യന് ലഭിക്കുന്നു. സ്വർഗ്ഗം അമർത്യതയെ സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ അപ്പം അനശ്വരതയെ വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും.

മരണമുള്ള ഈ ശരീരത്തിൽ ഒരു മരണമില്ലാത്തവൻ അധിവസിക്കുന്നു. മരണമില്ലാത്ത ദൈവത്തെ നാം ഉൾക്കൊള്ളുന്നതുമൂലമുള്ള സൗഭാഗ്യമാണ് അത്. എന്നെ ഭക്ഷിക്കുന്നവൻ എൻമൂലം ജീവിക്കും എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

മരണമുള്ള മനുഷ്യന്റെ മരണമില്ലാത്ത ദൈവവുമായുള്ള ഐക്യം ഇവിടെ ചിന്തനീയമാണ്. ഹിന്ദുമത ദർശനം അനുസരിച്ച് മനുഷ്യനാകുന്ന ആത്മൻ ബ്രഹ്മാവിൽ ലയിക്കുന്നു. ബ്രഹ്മാവിൽ ലയിച്ച് സായൂജ്യം പ്രാപിക്കുന്നു. ഹിന്ദുമതദർശനത്തിലെ രക്ഷയുടെ പൂർണ്ണതയാണത്. എന്നാൽ ക്രിസ്തുമതത്തിൽ ദൈവം വസിക്കുന്ന മനുഷ്യന്റെ വ്യക്തിത്വം ഇല്ലാതാകുന്നില്ല. മനുഷ്യൻ മർത്യൻ – ദൈവം അമർത്യൻ. മരണമില്ലാത്ത ദൈവം ആരിൽ അധിവസിക്കുന്നുവോ അവൻ അനശ്വരമായ – നിത്യജീവന്റെ അവകാശിയാകുന്നു. നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും. (1 കോരി. 15:49)

എത്ര പോഷകമൂല്യമുള്ള ഭക്ഷണം കഴിച്ചാലും ശാരീരികവും ബുദ്ധിപരവുമായ വളർച്ച മുരടിക്കുന്ന വാർദ്ധക്യകാലം നാം അറിയാത്തവരല്ല. യേശുക്രിസ്തുവാകുന്ന ജീവന്റെ അപ്പം ഉൾക്കൊള്ളുന്നതു മൂലം ആത്മിക വളർച്ചയിൽ നാം അനുസ്യൂതം പുരോഗമിക്കും. ഭക്ഷണപാനീയത്താൽ ശാരീരിക വളർച്ചയും സൗന്ദര്യവും വർദ്ധിക്കും. ജീവന്റെ അപ്പമായ ക്രിസ്തുവുമായുള്ള ബന്ധത്താൽ ആത്മീകമായ ബലവും ശക്തിയും തേജജസ്സും പ്രാപിച്ച് അകത്തെ മനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. (2 കോരി. 4:16)

ദൃശ്യസഭയിൽ നിന്നും അദൃശ്യസഭയിലേക്കുള്ള ഈ തീർത്ഥയാത്രയിൽ ആത്മിക വിശപ്പും ദാഹവും അകറ്റി സന്തോഷവും സംതൃപ്തിയും തരുന്ന ഭക്ഷണവും പാനീയവുമാണ് ജീവന്റെ അപ്പമായ ക്രിസ്തുവുമായുള്ള കൂട്ടായ്മ. ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവന് വിശക്കയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കയുമില്ല . കർത്താവിന്റെ അടുക്കൽ വന്ന് വചനം കേട്ടവർക്ക് വിശപ്പുണ്ടായതിനാൽ അപ്പസമൃദ്ധിയാൽ ക്ഷീണമകറ്റി. യേശുവിന്റെ ചിന്തയിൽ ഈ ദൃശ്യലോക ജീവിതദർശനമാണോ ഇവിടെ വിവക്ഷിക്കുന്നത്? ധനവാന്റേയും ലാസറിന്റേയും ഉപമയിൽ ധനവാന്റെ വിശപ്പും ദാഹവും ഇന്നും തുടരുന്നതായി ചിന്തിച്ചാൽ തെറ്റില്ല. ലാസർ നിത്യമായ സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നു.

മരണമുള്ള ഈ ലോകത്തിൽനിന്നും മരണമില്ലാത്ത ലോകത്തിലേക്കുള്ള വഴികാട്ടിയും യേശുവത്രെ. ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല .(യോഹ. 11:25–26). ജീവന്റെ അപ്പമായ യേശുക്രിസ്തുവിനെ അംഗീകരിക്കാത്തവർ, തള്ളിപ്പറയുന്നവർ, സ്വീകരിക്കാത്തവർ ജീവന്റെ പൂർണ്ണതയിലേക്ക് പ്രവേശിക്കയില്ല.(മത്താ. 10:32–33)

## ഉമ്മൻ ചാണ്ടിയെ....പേജ് 1–ൽനിന്ന്

നിഷേധിക്കുന്നു. ബഹിഷ്ക്കരണ തീരുമാനം എടുത്തത് നിവൃത്തിയില്ലാതെയാണ് – മെത്രാഭിഷേകത്തിന്റെ 30–ാം വാർഷികത്തിന് മുന്നോടിയായി മാധ്യമപ്രവർത്തകർ സന്ദർശിച്ചപ്പോഴായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ഓർത്തഡോക്സ് – യാക്കോബായ വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങളിൽ യാക്കോബായ സഭയെ സംരക്ഷിക്കുന്ന നിലപാടാണ് മുഖ്യമന്ത്രിയും മന്ത്രിമാരും സ്വീകരിക്കുന്നതെന്നാണ് പരാതി. കോടതിവിധികൾ നടപ്പാക്കാൻ പോലും സർക്കാർ തയ്യാറാവുന്നില്ലെന്ന് സഭ പറയുന്നു. ആഗോള സുറിയാനിസഭയുടെ പരമാധ്യക്ഷൻ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ കേരള സന്ദർശനവേളയിൽ സർക്കാർ സ്വീകരിച്ച നടപടികളും ഓർത്തഡോക്സ് സഭയുടെ പ്രകോപനത്തിന് കാരണമായി. യാക്കോബായ – ഓർത്തഡോക്സ് തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിൽ പാത്രിയർക്കീസ് ബാവായുടെ സന്ദർശനം ഉണ്ടാവരുതെന്ന് ഓർത്തഡോക്സ് സഭ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് അംഗീകരിക്കപ്പെട്ടില്ല. സഭാസുന്നഹദോസ് മുഖ്യമന്ത്രി അടക്കം ആറു മന്ത്രിമാരെ ബഹിഷ്ക്കരിക്കാൻ ഫെബ്രുവരിയിലാണ് തീരുമാനിച്ചത്. ഇത് പരസ്യമാക്കാതെ യു.ഡി.എഫ്. സർക്കാരിനോടുള്ള എതിർപ്പ് പ്രകടിപ്പിച്ചുവരികയായിരുന്നു.

കഴിഞ്ഞ ദിവസം ബസ്സേലിയോസ് പൗലോസ് ദ്വിതീയനുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സഭയുടെ ബഹിഷ്ക്കരണ തീരുമാനം പി.സി.ജോർജ് എം.എൽ.എ.യാണ് വെളിപ്പെടുത്തിയത്. വെളിപ്പെടുത്തൽ തള്ളിക്കളയാനോ അംഗീകരിക്കാനോ സഭാനേതൃത്വം തയ്യാറായിരുന്നില്ല. ഇതിനിടെയാണ് സഭാ പരമാധ്യക്ഷൻതന്നെ സർക്കാരിനെതിരായ സുന്നഹദോസ് തീരുമാനം വ്യക്തമാക്കി രംഗത്തുവന്നത്. (ദേശാഭിമാനി, 2015 മെയ് 14)

## ജീവകാരുണ്യ രംഗത്ത് .....പേജ് 1–ൽനിന്ന്

കുടുംബങ്ങളെ സഹായിക്കുവാനുള്ള പദ്ധതിക്കു ഗവർണർ തുടക്കം കുറിച്ചു.

പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഫാ.പി.ഐ.വർഗീസ്, ജോർജ് പോൾ എന്നിവർ പ്രസംഗിച്ചു. മാർ സേവേറിയോസിന്റെ 101 ലേഖനങ്ങളുടെ സമാഹാരം സഞ്ചരിക്കുന്ന ചൂണ്ടുപലക ഗവർണർ പ്രകാശനം ചെയ്തു.

സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മാർ സേവേറിയോസ് ഒട്ടേറെ സുറിയാനി ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്. ജൂബിലി ദിനമായ 16ന് പ്രത്യേക അനുസ്മരണ ചടങ്ങുകൾ നടത്തും.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**Gracy Chacko, Omallur**

# ദേവലോകത്തെ കെട്ടിടനിർമ്മാണം

മാത്യു സ്ക്കറിയാ കോട്ടയം

മലങ്കരസഭാദീപം പതിനൊന്നാം ലക്കത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ വർക്കിംഗ് കമ്മിറ്റി അംഗം ഇ.ജേക്കബ് ജോൺ ദേവലോകത്തെ എഴുതിയത് വായിച്ചപ്പോൾ ആണ് ആ കെട്ടിടം പണി സംബന്ധിച്ച് എന്തെങ്കിലും പ്രതികരിക്കാതിരുന്നാൽ പ.മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയോടും അക്കാലത്തെ സഭാനേതാക്കന്മാരോടും ചെയ്യുന്ന പാതകമായിരിക്കും എന്നു തോന്നിയത്.

നമ്മുടെ സഭയുടെ ഒരു പൊതു സ്വഭാവമാണ് സഭയ്ക്കുവേണ്ടി നിസ്വാർത്ഥമായി കഷ്ടപ്പെട്ട ആളുകളെ വിസ്മരിക്കുക. അവർ ചെയ്ത കാര്യങ്ങളെ ഇല്ലാതാക്കുക എന്നതൊക്കെ. ദേവലോകത്തെ സഭയുടെ എല്ലാ ഓഫീസുകളും ഉൾക്കൊള്ളുന്ന സെൻട്രൽ സെക്രട്ടറിയേറ്റ് എന്നത് പ.മാത്യൂസ് ദ്വിതീയൻ ബാവായുടെ വലിയ സ്വപ്നമായിരുന്നു. ഇത് നിർമ്മിക്കുന്നതിനായി അദ്ദേഹം ചെയ്ത ത്യാഗങ്ങൾ പറഞ്ഞാൽ തീരാത്തതാണ്. ആ പുണ്യ പിതാവിന്റെ വിശാലമനസ്ക്കത ഇപ്പോഴത്തെ ഭരണകർത്താക്കൾക്ക് ഇല്ലാത്തതിന്റെ തെളിവാണ് ആ കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡ്. സെക്രട്ടറിയേറ്റ് എന്നാൽ സെക്രട്ടറിയുടെ ഓഫീസ് ആണെന്ന് ദുർവ്യാഖ്യാനം നടത്തി പേരുതന്നെ മാറ്റി എഴുതി ചില വിരുതന്മാർ. ഇവർക്ക് സംസ്ഥാനത്തിന്റെ ഭരണം നടത്താൻ അവസരം ലഭിച്ചാൽ തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റ് ചീഫ് സെക്രട്ടറിയുടെ ഓഫീസ് ആണെന്ന് വ്യാഖ്യാനിച്ച് പേരുമാറ്റിയേനെ.

കാതേലിക്കേറ്റ് ഓഫീസ് എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയുടെ കേന്ദ്ര ഓഫീസ് സംവിധാനം എന്നായിരുന്നു. സഭയെ നയിച്ച പ.പിതാക്കന്മാരുടെയും സമുദായ നേതാക്കളുടെയും കാഴ്ചപ്പാട്. എന്നാൽ പ.ദിദിമോസ് പ്രഥമൻ ബാവായുടെ കാലത്ത് ഈ സ്ഥിതിക്ക് മാറ്റം വരുത്തി. കാതോലിക്കേറ്റ് ഓഫീസ് കാതോലിക്കേറ്റ് ഓഫീസ് എന്നും കാതോലിക്കോസ് ഓഫീസ് എന്നുമുള്ള പേരിൽ രണ്ടാക്കി മാറ്റി. പ.മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലംവരെ കാതോലിക്കാ ബാവായുടെ കൂടെയുള്ള എല്ലാവർക്കും ശമ്പളവും മറ്റ് കാര്യങ്ങളും തിരുമേനിക്ക് ലഭിക്കുന്ന സ്വന്ത വരുമാനത്തിൽനിന്നാണ് നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ഒരു ഓഫീസ് ആയിരുന്നപ്പോൾ ചെലവായിരുന്ന തുകയുടെ ഇരട്ടിയിലേറെ തുക ചെലവാക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറി. ജോലികളെല്ലാം പഴയതുതന്നെ. ഒരു ഓഫീസ് ചെയ്തിരുന്ന ജോലികൾ രണ്ട് ഓഫീസുകളിലായി ചെയ്യുന്നു എന്നു മാത്രം.

സെക്രട്ടറിയേറ്റ് നിർമ്മാണം പുനരാരംഭിച്ച ശേഷം അനന്തമായി നീണ്ടുപോവുകയും കടലിൽ കല്ലെറിയുന്നതുപോലെ രൂപാ ചെലവഴിക്കുകയും ചെയ്യുന്നത് മനസ്സിലാക്കിയിട്ടാകണം പ.ബാവാ തിരുമേനി 2015 ജനുവരി മൂന്നിന് കൂദാശ തീരുമാനിച്ചത്. കൂദാശാകർമ്മത്തിൽ സംബന്ധിച്ച എനിക്ക് വളരെ പ്രയാസം തോന്നി. എന്താണ് ആ കെട്ടിടത്തിൽ കാണിച്ചുവെച്ചിരിക്കുന്നത്. ധാരാളമായി പണമുള്ള വിവരമില്ലാത്തവർ കാണിക്കുന്ന വികൃതികൾ മാത്രമാണ് ഇവിടെ കാണുവാൻ ഇടയായത്. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തം. എന്നാൽ എന്താണ് ആ കെട്ടിടംകൊണ്ട് പ.മാത്യൂസ് ദ്വിതീയൻ ബാവായും അന്നത്തെ സഭാഭരണാധികാരികളും വിഭാവനം ചെയ്തതെന്ന് മാത്രം ചിന്തിച്ചില്ല. സഭയുടെ എല്ലാ ഓഫീസുകളും ഒരേ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇവിടെ പ.ബാവാ തിരുമേനിയുടെ താമസസ്ഥലം എന്ന ലക്ഷ്യം ഇല്ലായിരുന്നു. മലങ്കരഭയുടെ വിവിധ ഭാഗങ്ങളിൽനിന്ന് സഭാകേന്ദ്രത്തിൽ എത്തുന്നവർക്ക് ലക്ഷ്യമിടുന്ന സേവനം ഒരുസ്ഥലത്തുനിന്ന് ലഭ്യമാക്കുക - ഇതായിരുന്നു കാഴ്ചപ്പാട്.

ഗൾഫ് പണത്തിന്റെ അതിനിവേശത്തിൽ പുതുപ്പണക്കാർ വീടുകളുടെ കതകുകളിൽ യേശുക്രിസ്തുവിന്റെയും മറ്റും രൂപങ്ങൾ കൊത്തിവെക്കുമായിരുന്നു. എന്നിട്ട് വരുന്നവരോടും പോകുന്നവരോടും ഇതിനായി ചിലവായ തുക വിളിച്ചുപറയുമായിരുന്നു. ഇതേ ശൈലി ഇവിടെ പുനരാവിഷ്ക്കരിച്ചിരിക്കുന്നു. ഇവിടെ യേശുക്രിസ്തുവിന്റെ മാത്രമല്ല ഇന്ത്യയുടെ മുകളിൽ നിൽക്കുന്ന തോമ്മാശ്ലീഹായും ഉണ്ട്. കാലം മാറിയത് ഇവർ അറിയുന്നില്ല.

പ.കാതോലിക്കാ ബാവാ തിരുമേനി താമസിക്കുന്ന അരമനയോട് ചേർന്നു തന്നെ ആയിരിക്കും ബാവാ തിരുമേനിയുടെ ആഫീസും എന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ മൾട്ടിനാഷണൽ കമ്പനി മാനേജർമാർക്കും ഡയറക്ടർമാർക്കും വേണ്ടി നിർമ്മിക്കുന്ന വിധത്തിലുള്ള ഓഫീസ് മുറികൾ. പഞ്ചനക്ഷത്ര ഹോട്ടലുകളെപോലും വെല്ലുന്ന കൊത്തുപണികൾ തുടങ്ങി ചെറിയസ്ഥലത്ത് നടത്തിയിരിക്കുന്ന വളരെ വലിയ നിർമ്മാണ പ്രവർത്തികൾ.

ആധുനിക ലോകത്ത് ഓഫീസ് സംവിധാനത്തിൽ സ്വകാര്യമുറികളെന്ന ആശയം മാറിക്കഴിഞ്ഞിരിക്കുന്നു. മുഖത്തോട് മുഖം കാണുന്ന വിധത്തിൽ വൻകിട കമ്പിനികൾ ബാങ്കുകൾ എന്നിവിടങ്ങളിലെല്ലാം ഓഫീസ് സംവിധാനം പുനക്രമീകരിച്ച് കഴിഞ്ഞിരിക്കുന്നു. ഇതൊന്നും ഇതിന്റെ നിർമ്മാണം നടത്തിയവർക്ക് അറിയില്ല. എല്ലായിടത്തും സ്വകാര്യ മുറികൾ മാത്രം. കാറ്റും വെളിച്ചവും കയറാത്ത വിധത്തിൽ കെട്ടിടത്തിന് ഗ്ലാസ്സ് ഇട്ടതിനാൽ ലൈറ്റും ഫാനും എസിയുമില്ലാതെ ഇരിക്കാനും വയ്യാത്ത സ്ഥിതിയുമാണ്. ശുദ്ധവായുവും വിലയ്ക്ക് വാങ്ങിക്കൊണ്ട് വരേണ്ടി വരും. പറഞ്ഞാൽ തീരാത്ത അപാകതകൾ ജേക്കബ് ജോൺ എഴുതിയത് അനുസരിച്ചാണെങ്കിൽ മൂന്നാമത്തെ കൂദാശയും കഴിഞ്ഞു. കൂദാശയുടെ പിറ്റേദിവസം വീണ്ടും പണിതുടങ്ങി. അടുത്ത കൂദാശ കഴിഞ്ഞ് പ്രവർത്തനം ആരംഭിക്കുമെന്ന് നമുക്ക് കരുതാം.

പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെ കാലത്താണ് ദേവലോകം അരമനയുടെ രണ്ടാം ഘട്ടം നിർമ്മാണം പൂർത്തിയാക്കിയത്. ഈ സമയത്താണ് സഭയുടെ പരമാദ്ധ്യക്ഷനെ കാണാൻ സംഘമായി എത്തുന്നവരെ സ്വീകരിക്കുക കാതോലിക്കാ ബാവായുടെ ഔദ്യോഗിക പത്രസമ്മേളനം വിളിക്കുക അടിയന്തിരഘട്ടങ്ങളിൽ രഹസ്യവും പരസ്യവുമായ വിവിധ യോഗങ്ങൾ നടത്തുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കത്തക്കവിധത്തിലുള്ള ഹാൾ മുകളിലത്തെ നിലയിൽ ക്രമീകരിച്ചത്. പ.ബാവായുടെ താമസസ്ഥലത്തിനും ഓഫീസിനും ചേർന്നുള്ള ഈ ഹാൾ വർഷങ്ങളായി ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്നു. തുടർന്ന് പ.മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്തും തൽസ്ഥിതി തുടർന്നു. പ.ദിദിമോസ് പ്രഥമൻ ബാവായുടെ കാലത്ത് നല്ല നിലവാരത്തിൽ നവീകരിച്ച ഈ ഹാൾ പ.ബാവാ തിരുമേനി പത്രസമ്മേളനത്തിനും വിവിധ സഭാപിതാക്കന്മാരെ സ്വീകരിക്കുന്നതിനും ഉപയോഗിച്ചിരുന്നു.

സഭയുടെ ഒരു ആവശ്യത്തിനും ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ അടുത്ത നാളിൽ ഇത് വികലമാക്കിയിരിക്കുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രം സമ്മേളിക്കുന്ന പ.എപ്പിസ്കോപ്പൽ സുന്നഹദോസ് യോഗങ്ങൾക്ക് വേണ്ടിയാണ് മാറ്റങ്ങൾ നടത്തിയിരിക്കുന്നത്. അരക്കോടിയോളം രൂപ ചിലവഴിച്ച് ഈ നിർമ്മാണ പ്രവർത്തി അനാവശ്യമാണെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഇത്ര വലിയ തുക ചെലവഴിക്കുന്നതു സംബന്ധിച്ച് സഭയുടെ ഒരു സമിതിയിലും ആലോചിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. സുന്നഹദോസ് യോഗങ്ങൾ ദേവലോകത്ത് വെച്ച് നടത്തുവാൻ തുടങ്ങിയിട്ട് വളരെ കുറച്ചു നാളുകളേ ആയിട്ടുള്ളു. ഇത് പാരമ്പര്യമായിട്ട് പഴയ സെമിനാരിയിലും സോഫിയാ സെന്ററിലുമാണ് നടന്നുവന്നിരുന്നത്. സോഫിയാ സെന്ററിലെ സ്ഥലപരിമിതി പരിഹരിക്കാൻ വളരെ

(ശേഷം പേജ് 4-ൽ)

# അബ്ദുള്ള അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ വരവും എം.എ. അച്ചനും.....കഴിഞ്ഞലക്കം തുടർച്ച

സി.പി.ഫിലിപ്പ്, ക്യാൻബറ, ആസ്ട്രേലിയ

**ലൗകീകാധികാര വടംവലി**

അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ ആഗതനായത് ഇവിടുത്തെ യാക്കോബായ സഭയുടെ മേലുള്ള ലൗകീകഭരണം ശാശ്വതമായി ഉറപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടി ആയിരുന്നു. അദ്ദേഹം ഇവിടെ എത്തി ഏതാനും ദിവസങ്ങൾക്കകം ഇക്കാര്യം പരസ്യമായി വെളിപ്പെടുത്തി. ഇവിടെയുള്ള യാക്കോബായ മെത്രാന്മാരോട് തന്റെ ലൗകീകാധികാരം സമ്മതിച്ചുകൊണ്ടുള്ള ഉടമ്പടി രജിസ്റ്റർ ചെയ്തുകൊടുക്കണമെന്നു പാത്രിയർക്കീസ് ആവശ്യപ്പെട്ടു. അപ്രകാരം നൽകാത്തവർക്ക് മേലിൽ മെത്രാൻസ്ഥാനം നൽകുന്നതല്ലെന്നു പ്രഖ്യാപനവും ചെയ്തു. പാത്രിയർക്കീസിന്റെ കല്പന അനുസരിച്ചു മാർ അത്താനാസിയോസ്, മാർ സേവേറിയോസ്, മാർ കൂറിലോസ് എന്നീ മെത്രാന്മാർ ഉടമ്പടി എഴുതിക്കൊടുക്കുകയുണ്ടായി. എന്നാൽ അതീവ ബുദ്ധിമാനും വിദൂരവീക്ഷണനുമായ വട്ടശ്ശേരിൽ മെത്രാപ്പോലീത്തായാകട്ടെ അതിനു വിസമ്മതമാണ് പ്രകടിപ്പിച്ചത്. ചരിത്രപണ്ഡിതനും കാനോൻ വിദഗ്ദ്ധനുമായ എം.എ. അച്ചനായിരുന്നു ഇതിനുള്ള ഉപദേശവും പ്രേരണയും വട്ടശ്ശേരിൽ തിരുമേനിക്ക് നൽകിയത്. ഏവംവിധമുള്ള ഉപദേശം നൽകുവാൻ അച്ചനെ പ്രേരിപ്പിച്ചത് മൂന്നു കാരണങ്ങളായിരുന്നു.

1. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ലൗകീകാധികാരം മലങ്കരസഭയുടെ പുരാതന നടപടിക്ക് എതിരായിരുന്നു. ഇതേവരെ മലങ്കരയിലെ സഭാഭരണം നിർവ്വഹിച്ചിട്ടുള്ള ഒരൊറ്റ മെത്രാനും ഇപ്രകാരമുള്ള ഉടമ്പടി നൽകിയിട്ടില്ലായിരുന്നു.

2. ലൗകീകാധികാരം പാത്രിയർക്കീസിനു നൽകുന്നപക്ഷം ഇവിടുത്തെ സഭയുടെ സ്വത്തുക്കളിൽ ഭൂരിഭാഗവും പരദേശത്തേക്ക് കൊണ്ടുപോവുകയും തൽഫലമായി ഇവിടുത്തെ യാക്കോബായ സഭ ബാഹ്യനിലയിലും ആദ്ധ്യാത്മികനിലയിലും അധപതിക്കുകയും ചെയ്യുന്നു.

3 ലൗകീകാധികാര ഉടമ്പടി പാത്രിയർക്കീസിനു നൽകാമെന്നു സമ്മതിച്ചുകഴിഞ്ഞാൽ ഭാവിയിൽ ഇവിടുത്തെ വൈദികഭരണം കുഴപ്പത്തിലായിതീരും. പാത്രിയർക്കീസ് ഇഷ്ടമുള്ളവർക്കു മാത്രം മെത്രാൻ സ്ഥാനം നൽകുമെന്നു മാത്രമല്ല ഭരണം സംബന്ധിച്ച് പാത്രിയർക്കീസും മെത്രാന്മാരും തമ്മിൽ തർക്കമുണ്ടാകുകയും അവസാനം സഭാഭരണം ദുർഘടാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും. ഈ ദൃശ കാരണങ്ങളാലായിരുന്നു പാത്രിയർക്കീസിന് ലൗകീകാധികാര ഉടമ്പടി നൽകരുതെന്ന് വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിനെ എം.എ. അച്ചൻ ഉപദേശിച്ചത്.

മുടക്കാകുന്ന ഖണ്ഡനിപാതം

പാത്രിയർക്കീസിന്റെ ഇംഗിതമനുസരിച്ച് ഇതര മെത്രാന്മാരെല്ലാം ഉടമ്പടി എഴുതിക്കൊടുത്തിട്ടും മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ തന്റെ ദൃഢനിശ്ചയത്തിൽനിന്നും അണുമാത്രം വ്യതിചലിക്കുന്നതിന് സന്നദ്ധത പ്രദർശിപ്പിച്ചില്ല. എം.എ. അച്ചനും അദ്ദേഹത്തോടൊന്നിച്ച് ഒട്ടനേകം സമുദായ പ്രമുഖന്മാരും തന്നെ സഹായിക്കുവാനുണ്ടെന്നുള്ള ഉത്തമ വിശ്വാസമായിരുന്നു ഇക്കാര്യത്തിൽ മെത്രാപ്പോലീത്തായ്ക്ക് ഉത്തേജനവും ധൈര്യവും നൽകിക്കൊണ്ടിരുന്നത്. എങ്ങനെയെങ്കിലും മെത്രാപ്പോലീത്തായെ വശംവ

(ശേഷം പേജ് 4-ൽ)


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034, 9446733201**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 1986 ജനുവരി 17ന് ആണ് കാര്യമ്പാടി കണ്ണാശുപത്രി ആരംഭിച്ചത്. മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമാണ്. കൂടാതെ പ.ബാവാ തിരുമനസ്സിലെയും, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയുടെയും, ഭദ്രാസന കൗൺസിലിന്റെയും നോമിനികളും, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സഭാസെക്രട്ടറി എന്നിവരെല്ലാം ഉൾപ്പെടുന്ന 55 അംഗങ്ങളുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുമാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്.

ആദിവാസികൾ ഏറെയുള്ളതും തികച്ചും അവികസിതവും ചികിത്സാസൗകര്യങ്ങൾ നന്നേ കുറവുള്ളതുമായ ജില്ലയാണ് വയനാട്. കണ്ണാശുപത്രിയുടെ ഇതേവരെയുള്ള പ്രവർത്തന മികവ് കാരണം സമീപജില്ലകളിൽനിന്നും ചികിത്സ തേടി രോഗികൾ ധാരാളമായി വന്നുതുടങ്ങിയിട്ടുണ്ട്. യാതൊരു ചികിത്സയും തേടുവാൻ മാർഗ്ഗമില്ലാതെ കഴിഞ്ഞുകൂടിയിരുന്ന ആയിരക്കണക്കിന് അന്ധരെ സൗജന്യ ശസ്ത്രക്രിയവഴി വെളിച്ചത്തിലേക്കും ജീവിത്തിന്റെ മുഖ്യധാരയിലേക്കും നയിക്കുവാൻ കാര്യമ്പാടി കണ്ണാശുപത്രിയിലെ പ്രഗത്ഭരായ ഡോക്ടർമാർക്ക് സാധിച്ചിട്ടുണ്ട്. 2013 മാർച്ച് 31 വരെ ഒരുകോടി എൻപത്തിയാറുലക്ഷത്തി എൺപത്തയ്യായിരത്തി ഇരുപത്തിയെട്ടു രൂപയുടെ (18685028.40) സൗജന്യ ചികിത്സ നൽകുവാൻ ദൈവകൃപയാൽ കഴിഞ്ഞു. ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് ഉദാരമതികളായ സഹോദരങ്ങൾ നൽകിയ വിലപ്പെട്ട സംഭാവനകളാണ് ഈ കാര്യത്തിൽ ഞങ്ങൾക്ക് ശക്തി പകർന്നത്. സഹായിച്ച എല്ലാവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഇൻട്രാ ഒക്കുലർ ലെൻസ് ആധുനീക താക്കോൽദ്വാര ശസ്ത്രക്രിയവഴി കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്ന ചികിത്സാരീതി ഏറെ ചെലവുള്ളതാണ്. അതുകൊണ്ട് സാധാരണക്കാരായ പാവപ്പെട്ടവർ നിത്യ അന്ധതയിലും പട്ടിണിയിലും കഴിഞ്ഞുകൂടേണ്ടിവരുന്നു. ഇവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാര്യമ്പാടി കണ്ണാശുപത്രിയിൽ ഗിവ്സൈറ്റ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി അനേകർക്ക് പ്രയോജനകരമാക്കുവാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ശസ്ത്രക്രിയക്ക് 2000 രൂപ എന്ന നിരക്കിൽ ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് നിങ്ങളുടെ സംഭാവന അയച്ചുതരുക. എത്രപേരെ വേണമെങ്കിലും ഇപ്രകാരം സ്പോൺസർ ചെയ്യാവുന്നതാണ്. ശസ്ത്രക്രിയക്ക് അധികം വരുന്ന ചെലവുകൾ ആശുപത്രി കണ്ടെത്തുന്നതുമാണ്. ശസ്ത്രക്രിയവഴി കാഴ്ച ലഭിച്ചവരുടെ പൂർണ്ണ വിവരങ്ങൾ യഥാസമയം നിങ്ങളെ കത്ത് മൂലം അറിയിക്കുന്നതുമാണ്.

നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട വിശേഷ ദിവസത്തിന്റെ സ്മരണക്കായിട്ടോ നന്ദി സൂചകമായിട്ടോ ഒരന്ധനെയെങ്കിലും കാഴ്ചയിലേക്ക് നയിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കുചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് കല്പിച്ച് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ വചനം നമ്മുടെ ജീവിതത്തിലും അനുഗ്രഹമായിത്തീരട്ടെ.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# ഭദ്രാസന മെത്രാപ്പോലീത്താ ഭദ്രാസനാധിപനല്ല; കാലം ചെല്ലുന്തോറും പിതാക്കന്മാരുടെ ഉത്തമ മാതൃകകൾ അന്യംനിന്നുപോകുന്നു

ജേക്കബ് കുരുവിള വട്ടക്കുന്നേൽ (സഭാമാനേജിംഗ് കമ്മിറ്റി അംഗം)

> **സഭയുടെ അധിപൻ ദൈവമാണ്. ഭദ്രാസനത്തിന്റെ അധിപനും ദൈവം. ഭദ്രാസനാധിപൻ എന്നു മനുഷ്യനെ വിശേഷിപ്പിക്കുന്നതു ദൈവനിന്ദയാണ്. എന്നോട് ഇത്രയും പറഞ്ഞപ്പോഴേയ്ക്ക് തിരുമേനിയുടെ ദേഷ്യഭാവം അയഞ്ഞു.**

1977–ൽ മെഴുവേലി ഓർത്തഡോക്സ് പള്ളിയിൽ ഒരു വിവാഹകർമ്മം നടക്കുന്നു. ചാമപ്പറമ്പിൽ ഈശോ കത്തനാരുടെ സഹോദരീപുത്രനാണു വരൻ. വിവാഹം ആശീർവദിക്കുന്നതു ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി. എന്നെ പുത്രനിർവിശേഷം സ്നേഹിച്ചിരുന്ന ചാമപ്പറമ്പിലച്ചൻ പറഞ്ഞതനുസരിച്ച് തിരുമേനിയോടൊപ്പം ഞാനും മെഴുവേലിയിൽ പോയിരുന്നു.

വിവാഹശുശ്രൂഷയെല്ലാം കഴിഞ്ഞു തിരുമേനിക്കൊപ്പം കാറിൽ മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് അനിഷ്ടപ്രകടനം. വികാരിയച്ചന്റെ കൃതജ്ഞതാ പ്രസംഗമാണു തിരുമേനിയുടെ ദേഷ്യഭാവത്തിനു കാരണമായതെന്നു വൈകാതെ മനസ്സിലായി. നന്ദി പറഞ്ഞതിനിടെ ഭദ്രാസനാധിപൻ എന്നും മറ്റും വികാരിയച്ചൻ തിരുമേനിയെ വിശേഷിപ്പിച്ചതാണ് തിരുമേനിയെ ആത്മാർത്ഥമായിത്തന്നെ ദേഷ്യം പിടിപ്പിച്ചത്.

സഭയുടെ അധിപൻ ദൈവമാണ്. ഭദ്രാസനത്തിന്റെ അധിപനും ദൈവം. ഭദ്രാസനാധിപൻ എന്നു മനുഷ്യനെ വിശേഷിപ്പിക്കുന്നതു ദൈവനിന്ദയാണ്. എന്നോട് ഇത്രയും പറഞ്ഞപ്പോഴേയ്ക്ക് തിരുമേനിയുടെ ദേഷ്യഭാവം അയഞ്ഞു.

38 വർഷം മുമ്പ് അഭിവന്ദ്യ തിരുമേനി പറഞ്ഞ വാക്കുകൾ ഇന്നും എന്റെ ഓർമ്മയിലുണ്ട്. ഓർത്തഡോക്സ് – യാക്കോബായ സഭകളിലാണ് ഭദ്രാസനാധിപൻ എന്ന പ്രയോഗം പൊതുവെ ഉള്ളത്. ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞതുപോലെ ദൈവത്തെ മറന്നുള്ള പ്രയോഗം. അദ്ദേഹം അത് ഓർമ്മിപ്പിച്ചിട്ടു നാലു പതിറ്റാണ്ടാകുമ്പോഴും ഭദ്രാസനാധിപന്മാർ നമ്മൾക്കിടയിലുണ്ട്. അബദ്ധപ്രയോഗം സാധുവായതുപോലെ.

ചെറിയ സംഭവമാണെങ്കിലും അതോർമ്മിക്കുമ്പോഴൊക്കെ ഒപ്പം മനസ്സിലേക്ക് കടന്നുവരുന്നത് ബാല്യത്തെക്കുറിച്ച് എന്നതുപോലുള്ള നഷ്ടബോധമാണ്. കഴിഞ്ഞ തലമുറയിൽ നമ്മുടെ ഭദ്രാസനങ്ങളെ നയിച്ചിരുന്ന മെത്രാപ്പോലീത്താമാരുടെ നേർചിന്തയും ഹൃദയലാളിത്യവും സ്നേഹഭാവവുമൊക്കെ എവിടേക്കോ മാഞ്ഞുപോയിരിക്കുന്നു എന്ന നഷ്ടചിന്ത.

മറ്റൊരു സംഭവം പറയട്ടെ. 1960–ൽ മാർ ഏലിയാ ചാപ്പൽ സണ്ടേസ്ക്കൂളിന്റെ വാർഷികദിനം. ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കേണ്ടതു പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. മുളന്തുരുത്തിയിൽനിന്നും ട്രെയിനിൽ വരുന്ന തിരുമേനിയെ സ്വീകരിക്കാൻ അദ്ധ്യാപകരും കുട്ടികളുമടക്കം ഏകദേശം ഇരുപതുപേർ കോട്ടയം റെയിൽവേ സ്റ്റേഷനിലുണ്ട്. അദ്ദേഹത്തെ പള്ളിയിലേക്ക് കൊണ്ടുപോകാൻ സണ്ടേസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പി.സി.ചെറിയാൻ മടുക്കാനിൽ ഒരു കാർ ഏർപ്പാട് ചെയ്തിരുന്നു.

പക്ഷെ എല്ലാവർക്കുംകൂടി കാറിൽ കയറാൻ സാധിക്കാത്തതുകൊണ്ട് തിരുമേനിയും കാർ ഉപേക്ഷിച്ച് നടക്കാനൊരുങ്ങി. മടുക്കാനിൽ കുഞ്ഞൂഞ്ഞച്ചായനും മറ്റും വളരെയേറെ നിർബന്ധിച്ചിട്ടും തിരുമേനി കാറിൽ കയറിയില്ല. ഞങ്ങളോടൊപ്പം നടന്നാണ് അന്നു തിരുമേനി റെയിൽവേസ്റ്റേഷനിൽനിന്ന് ഏലിയാ ചാപ്പലിലെത്തിയത്.

1963–ൽ ദുഃഖകരമായ ഒരു സംഭവമുണ്ടായി. ഏലിയാ ചാപ്പൽ സണ്ടേസ്ക്കൂളിലെ വിദ്യാർത്ഥിയായിരുന്ന കീഴ്ക്കുന്ന് പുത്തൻപുരയ്ക്കൽ ജോർജ്കുട്ടി ബസിടിച്ചു മരിച്ചു. സണ്ടേസ്ക്കൂളിലേക്ക് വരാനായി റോഡ് കുറുകെ കടക്കുമ്പോഴായിരുന്നു അപകടം. ജോർജ്കുട്ടിക്ക് പ്രായം പന്ത്രണ്ട് വയസ്സ്. ഈ സംഭവം ഇടവകയെ മുഴുവൻ ഒരുപോലെ ദുഃഖിപ്പിച്ചു. അനന്തരകാര്യങ്ങളിൽ അന്നത്തെ ഇടവക സമൂഹത്തിന്റെ ഐക്യവും സ്നേഹവും പ്രകടമായി.

എല്ലാ കാര്യങ്ങളിലും ഇടവകാംഗങ്ങളുടെ പൂർണ്ണ സഹകരണം. ഞായറാഴ്ച തന്നെ മൃതദേഹം സംസ്ക്കരിക്കാനായിരുന്നു തീരുമാനം. എല്ലാവരും സന്നദ്ധമായി. വിലാപയാത്ര ഈസ്റ്റ് പോലീസ് സ്റ്റേഷന്റെ സമീപത്തെത്തിയപ്പോൾ സമയം വൈകുന്നേരം ആറര. ആ സമയത്ത് ഒരു കാർ വന്നുനിന്നു. ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ആയിരുന്നു കാറിൽ. അദ്ദേഹം അവിടെനിന്ന് ഉടൻതന്നെ സെന്റ് ലാസറസ് സെമിത്തേരി പള്ളിയിലെത്തി. പെട്രോൾമാക്സ് വെളിച്ചത്തിൽ സംസ്ക്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഭദ്രാസന ഭരണത്തിൽ കഴിവു തെളിയിച്ച ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ലാളിത്യത്തിനും അതുപോലെതന്നെ മാതൃകയായിരുന്നു. കഷ്ടാനുഭവവാരത്തിൽ അദ്ദേഹം വിദേശത്തു പോകുകയില്ല. ഒരുതവണ മാർ ബേസിൽ ചാപ്പലിൽതന്നെയാണ് മെത്രാപ്പോലീത്താ കഷ്ടാനുഭവ ശുശ്രൂഷ നടത്തിയത്. പെസഹാ വ്യാഴാഴ്ച പുലർന്നപ്പോൾ, കാൽകഴുകൾ ശുശ്രൂഷ നടത്തണമെന്നു തിരുമേനിക്ക് ആഗ്രഹം തോന്നി. ജേക്കബ് മാത്യു ശെമ്മാശ്ശൻ ഹോസ്റ്റലിലെത്തി വിവരമറിയിച്ചു. രണ്ട് ഹോസ്റ്റലാണുണ്ടായിരുന്നത്. രണ്ടുമണിക്ക് ശുശ്രൂഷ ആരംഭിച്ചു. ഹോസ്റ്റൽ വിദ്യാർത്ഥികൾ മാത്രം പങ്കെടുക്കാനുണ്ടായിരുന്ന അങ്ങേയറ്റം ലളിതമായ ശുശ്രൂഷ.

ഇന്നു കാൽകഴുകൽ ശുശ്രൂഷയുടെ പരസ്യങ്ങൾ ഫ്ളെക്സ് ബോർഡുകൾ, കാൽകഴുകൽ ശുശ്രൂഷ നടത്തുന്ന കാർമ്മികന്റെ പടം സഹിതമുള്ള ബാനറുകൾ എന്നിവയൊക്കെ കാണുമ്പോൾ ഞാൻ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ഓർക്കും. കൃത്രിമത്വവും നാട്യങ്ങളുമില്ലാത്ത ആരാധനയും ശുശ്രൂഷകളും മൂന്നുവർഷം കാതോലിക്കേറ്റ് കോളജ് വിദ്യാർത്ഥിയായിരുന്ന എനിക്ക് മെത്രാപ്പോലീത്തായുടെ ഹൃദയനേർമ്മ അടുത്തറിയാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. എന്നെ കാണുമ്പോൾ എവിടെവെച്ചായാലും ഒരു വിളി കേൾക്കാം എടാ വട്ടക്കുന്നാ എന്ന്. അതിലൂടെ തിരുമേനിയുടെ എല്ലാ സ്നേഹവും ഹൃദയലാളിത്യവും ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

> **ഇന്നു കാൽകഴുകൽ ശുശ്രൂഷയുടെ പരസ്യങ്ങൾ ഫ്ളെക്സ് ബോർഡുകൾ, കാൽകഴുകൽ ശുശ്രൂഷ നടത്തുന്ന കാർമ്മികന്റെ പടം സഹിതമുള്ള ബാനറുകൾ എന്നിവയൊക്കെ കാണുമ്പോൾ ഞാൻ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ഓർക്കും. കൃത്രിമത്വവും നാട്യങ്ങളുമില്ലാത്ത ആരാധനയും......**

തിരുമേനിയെ ഞാൻ അവസാനം കണ്ടത് എറണാകുളം ലിസി ഹോസ്പിറ്റലിൽവെച്ചാണ്. പിഞ്ചുകുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നതുപോലെ സെക്രട്ടറി ടൈറ്റസ് ജോർജ് അച്ചൻ തിരുമേനിയെ മടിയിൽ താങ്ങി, അദ്ദേഹത്തിന്റെ ചുണ്ടിലേക്ക് ഭക്ഷണം കൊടുക്കുന്ന അരുമക്കാഴ്ചയാണ് മനസ്സിലിപ്പോഴും. തിരുവസ്ത്രത്തിന്റെ പകിട്ടിനുള്ളിൽ ലാളിത്യവും സ്നേഹവും ശരീരം പൂണ്ട ഒരു പിതാവ്. അതായിരുന്നു ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി.

ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കാവുന്ന കൊല്ലം ഭദ്രാസനത്തിന്റെ സഖറിയാസ് മാർ അന്തോണിയോസ് തിരുമേനിയെപ്പോലെയുള്ള ചുരുക്കം ചില പിതാക്കന്മാർ ഇന്നുമുണ്ട്. ദൈവജനത്തിന്റെ നായകനായ മെത്രാപ്പോലീത്താ ആയിരിക്കുമ്പോഴും പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുന്ന പിതാക്കന്മാരുമായുള്ള സംഭാഷണംപോലും അനുഗ്രഹപ്രദമായാണ് എനിക്ക് അനുഭവപ്പെടാറുള്ളത്.

ഇതൊക്കെ പറയുമ്പോൾ അറിയാതെയെങ്കിലും പുറത്തുവന്നുപോകുന്നത് ഇന്നത്തെ അനുഭവങ്ങൾ നൽകുന്ന നഷ്ടബോധമാണ്. മുൻ സൂചിപ്പിച്ച പിതാക്കന്മാരിൽ കണ്ട ഹൃദയനൈർമല്യവും ലാളിത്യവും അവരിൽനിന്നു ലഭിച്ച സ്നേഹവായ്പ്പും ഇന്ന് കാണാതെയും കിട്ടാതെയും പോകുന്നു, അല്ലെങ്കിൽ അവയൊന്നും ഇന്ന് പൊതുവെ കാണാനോ കിട്ടാനോ സാധ്യതയില്ലല്ലോ എന്ന ദുഃഖം. എളിമയുള്ള നായകരെ നാം അന്വേഷിച്ചുനടക്കേണ്ടിവരുന്നു എന്ന് ഇക്കാലത്തു പലർക്കും തോന്നിയിട്ടുണ്ടാകും.

പുതിയനിയമ കല്പന ഉദ്ധരിച്ച് പുരോഹിതൻ എങ്ങനെയായിരിക്കണം എന്ന് യാക്കോബായ സഭയിലെ ഡോ.ഗീവർഗീസ് മാർ കൂറലോസ് മെത്രാപ്പോലീത്താ ഒരു ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിങ്ങൾക്കു ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ ആത്മീയമായി മേയിക്കുകയും അന്വേഷിക്കുകയും ചെയ്യണം. നീചലാഭത്താലല്ല, പൂർണ്ണ ഹൃദയത്തോടെ ഇടവകയുടെ യജമാനന്മാർ എന്ന വിധത്തിലല്ല പ്രത്യുത അവർക്ക് ഉത്തമ ദൃഷ്ടാന്തമായിക്കൊണ്ട്...

ഭദ്രാസനാധിപൻ എന്ന വിളിയെ ദ്വേഷിച്ച പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ഹൃദയം ഇതോട് എത്രമാത്രം ചേർന്നുനിനിൽക്കുന്നു എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഇന്ന് ഇടയന്മാരെ ഈ രൂപത്തിലാണോ ദൈവജനം കാണാൻ ഇടയാകുന്നത് അതോ ദൈവത്തിന്റെ അനിഷ്ടം ഏറ്റുവാങ്ങിയ മോശയുടെ രൂപത്തിലോ.

മോശ ഇസ്രായേൽ ജനത്തെ മിസ്രേമിൽനിന്നു കാനാനിലേക്കു നയിച്ചു. പക്ഷെ കാനാനിൽ കാലുകുത്താൻ മോശയ്ക്കു കഴിഞ്ഞില്ല. ഇസ്രായേൽ ജനം പിറുപിറുത്തപ്പോൾ ഞാൻ നിങ്ങൾക്കു വെള്ളം തന്നില്ലേ എന്നു ദൈവത്തെ മറന്നു ചോദിച്ചതിന്റെ ഫലം. ഞാൻ എന്നു പറഞ്ഞ് ദൈവത്തിന്റെ അനിഷ്ടത്തിന് അവകാശികളാകുന്നുണ്ടോ ഇന്ന് നമ്മുടെ ഇടയിലെ മോശമാർ? ദൈവത്തിനു മഹത്വം കൊടുക്കാതെയുള്ള നേട്ടങ്ങൾ അല്പായുസ്സാണെന്നു സാധാരണക്കാർ പോലും മനസ്സിലാക്കുന്നു. എന്നാൽ എല്ലാ ഇടയന്മാരും അത് ഗ്രഹിക്കുന്നുണ്ടോ.

പഴയകാല ഇടയ നന്മകളെക്കുറിച്ചു ഗൃഹാതുരതയോടെ ഇതൊക്കെ പറയുമ്പോൾ ഇന്ന് അവ ലഭ്യമാകാത്തതിൽ ദുഃഖിക്കുമ്പോൾ, അതിൽ കുറ്റപ്പെടുത്തലിന്റെ ധ്വനി അറിയാതെ കടന്നുകൂടിയിട്ടുണ്ടാകും എന്നറിയാം. എങ്കിലും ഒരു തലമുറയുടെ കാലത്ത് സമൃദ്ധമായി അനുഭവിച്ച നന്മകളുടെ ഇന്നത്തെ നഷ്ടത്തിൽ മനസ്സ് അറിയാതെ പരിഭവിക്കുകയാണ്.

അതേസമയം കുറ്റം തീർന്നവരെന്നു ദൈവജനത്തിനു സ്വയം കരുതാൻ അവകാശമുണ്ടോ. ഒരു സംഭവം. വട്ടക്കുന്നേൽ തിരുമേനി മെത്രാപ്പോലീത്താ സ്ഥാനം ഏറ്റതിനു ശേഷം ചെറുപ്രായത്തിലും ഇരുന്നുകൊണ്ടാണു പ്രസംഗിച്ചിരുന്നത്. ഏലിയാ ചാപ്പലിലെ ഒരു ഇടവകാംഗത്തിന് ഇക്കാര്യത്തിൽ എതിർപ്പുണ്ടായിരന്നു. അദ്ദേഹത്തിന്റെ വിമർശനം ഒരു സ്വകാര്യസംഭാഷണത്തിൽ ഞാൻ തിരുമേനിയെ ധരിപ്പിച്ചു. തിരുമേനിയുടെ മറുപടി ഇങ്ങനെയായിരുന്നു "അവൻ ഇരുന്നുകൊണ്ടല്ലേ പ്രസംഗം കേൾക്കുന്നത്".

ഇതുകേട്ടതോടെ വിമർശകനോട് ഒരു നിമിഷമെങ്കിലും തോന്നാമായിരുന്ന ഐക്യദാർഢ്യം അപ്രസക്തമായി. പിതൃസ്ഥാനിയായ മെത്രാപ്പോലീത്താ ഇരുന്നുകൊണ്ടു പ്രസംഗിക്കുന്നതിനെ വിമർശിക്കാൻ സൗകര്യപ്രദമായി ഇരുന്നുകൊണ്ട് ആ പ്രസംഗം ശ്രവിക്കുന്നവർക്ക് അവകാശമുണ്ടോ? നമ്മുടെ ഭാഗത്തെ തെറ്റുകളും കുറ്റങ്ങളും നാമും മനസ്സിലാക്കണമെന്ന് ഒറ്റ മറുപടികൊണ്ടു വട്ടക്കുന്നേൽ തിരുമേനി എന്നെയും പഠിപ്പിച്ചു.

## അബ്ദുള്ള അബ്ദൽ മശിഹാ ....പേജ് 3–ൽനിന്ന്

ദനാക്കിത്തീർക്കുവാൻ പാത്രിയർക്കീസും അനുചരന്മാരും കഴിവതു പരിശ്രമിച്ചു. പക്ഷെ അവരുടെ പരിശ്രമമെല്ലാം നിഷ്ഫലമായിത്തീരുകയാണുണ്ടായത്. അവസാനം ഭഗ്നാശനും കോപിഷ്ടനുമായിത്തീർന്ന പാത്രിയർക്കീസ് മെത്രാപ്പോലീത്തായോടായി എന്നാൽ ഇതിന്റെ ദോഷഫലം നിങ്ങൾ അനുഭവിക്കും. ഊർശ്ലേമിലെ മാർ ഈവാനിയോസിന്റെ കഥ നിങ്ങൾക്കറിയാമല്ലോ എന്ന് പറയുകയുണ്ടായി.

സമുദായ സ്വത്തുക്കൾ കൈവശപ്പെടുത്തുന്നതിനായിരുന്നു പാത്രിയർക്കീസിന്റേയും അനുചരന്മാരുടെയും അനന്തരശ്രമം. ആദ്യമായി പഴയസെമിനാരി കൈവശപ്പെടുത്തുക എന്നുതന്നെ നിശ്ചയിച്ചു. അതിനുവേണ്ടി പാത്രിയർക്കീസുമൊന്നിച്ചു താമസിക്കുന്നതിനായി മെത്രാന്മാരെല്ലാം പഴയസെമിനാരിയിൽ വന്നുചേർന്നു. അങ്ങനെ പാത്രിയർക്കീസ് ബാവാ മെത്രാന്മാരായ ഒസ്താത്തിയോസ്, യോവാക്കീം റമ്പാൻ, ഔഗേൻ റമ്പാൻ, ശീമക്കാരായ രണ്ട് റമ്പാന്മാർ, കോനാട്ട് മല്പാൻ എന്നിവരെല്ലാം പ്രത്യേകം പ്രത്യേകം മുറികളിൽ താമസവുമാരംഭിച്ചു. മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, മട്ടയ്ക്കൽ മല്പാൻ, ഏതാനും ശെമ്മാശ്ശന്മാർ എന്നിവർ താമസിച്ചിരുന്ന മുറികൾ ഒഴിച്ചുള്ളവയെല്ലാം പാത്രിയർക്കീസ് കക്ഷിയുടെ അധീനതയിലായി. ഇതുമന്യേ പ്രസ്സ് മാനേജരെ വശത്താക്കുകയും അങ്ങനെ പ്രസ്സ് മുറിയുടെ താക്കോലും കൈവശപ്പെടുത്തുകയും ചെയ്തു. ഇതേ തുടർന്ന് സെമിനാരിക്കു വേണ്ടിയുള്ള സമരിക്കേസ് ആരംഭിച്ചു. പ്രസ്തുത കേസിൽ വിജയം സാധിക്കണമെങ്കിൽ മെത്രാപ്പോലീത്തായെ മുടക്കേണ്ടത് അത്യന്താപേക്ഷിതമെന്ന് പാത്രിയർക്കീസിനു ബോധ്യമായി. അങ്ങനെ 1911 ഇടവം 28നു മുടക്കാകുന്ന ഖണ്ഡം വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ ശിരസ്സിന്മേൽ നിപതിക്കുകയും ചെയ്തു.

തന്റെ മുറിക്ക് തൊട്ടടുത്ത മുറിയിൽ താമസിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തായ്ക്ക് അഞ്ചലിൽ രജിസ്റ്റർ ചെയ്താണ് മുടക്കു കല്പന പാത്രിയർക്കീസ്ദഅയക്കുകയുണ്ടായത്.

## ദേവലോകത്തെ ....പേജ് 3–ൽനിന്ന്

കുറച്ച് രൂപ ചെലവഴിച്ചാൽ മതിയെന്നിരിക്കെ ഇത്ര വലിയ പണം മുടക്കി ദേവലോകത്തെ ഹാൾ വേണ്ടത്ര ആലോചനയില്ലാതെ മുപ്പത്തിരണ്ടു പേർക്കു മാത്രം ഇരിക്കാവുന്ന നിലയിൽ ക്രമീകരിച്ചതിൽ സഭാസമിതി അംഗങ്ങൾക്ക് പ്രതിഷേധമുണ്ട്. കാര്യങ്ങളെ സത്യസന്ധമായി കാണുന്ന ഇപ്പോഴത്തെ പ.കാതോലിക്കാ ബാവായുടെ നിഷ്കളങ്കതയെ മുതലെടുത്ത് സഭാസമിതികളിലോ സഭാസ്ഥാനികളോടോ ആലോചിക്കാതെ ഒരു ചെറിയ കൂട്ടർ നടത്തുന്ന ഇത്തരം നിർമ്മാണ പ്രവർത്തികളിൽ സഭാംഗങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ടെന്നാണറിയുന്നത്.

# മലങ്കരസഭയിലെ സമാധാനം

ജയ്സൺ കുഴിയേലിൽ, പുത്തൻകുരിശ്

അർമ്മീനിയയിൽവെച്ച് പ.കാതോലിക്കാ ബാവായുടെയും പാത്രിയർക്കീസ് ബാവായുടെയും കൂടിക്കാഴ്ച വളരെ പ്രാധാന്യത്തോടെയാണ് സോഷ്യൽ മീഡിയായും പത്രമാധ്യമങ്ങളും ചർച്ചചെയ്യുന്നത്. മലങ്കരസഭയിൽ സമാധാനം അത്രയേറെ സഭാമക്കൾ ആഗ്രഹിക്കുന്നു. പക്ഷെ അത് എങ്ങനെ നടപ്പാവും എന്നതാണ് പ്രധാന വിഷയം.

രണ്ട് രീതിയിൽ സമാധാനം ഉണ്ടാക്കാൻ സാധിക്കും. ഒന്ന് പാത്രിയർക്കീസ് ബാവായെ അംഗീകരിച്ച് സഭ ഒന്നായി തീരുക എന്നതാണ്. രണ്ട് ഇരുസഭകളായി ഉൾക്കൊണ്ട് കോടതിവിധികൾ അംഗീകരിച്ചോ ചർച്ചകൾ വഴിയോ പിരിയുക എന്നതാണ്. 1958-ലെ സഭായോജിപ്പ് ഇന്നും എല്ലാവരുടെയും മനസ്സിൽ ഉണ്ട്. പ്രശ്നങ്ങൾ ഇല്ലാതെ രണ്ട് പതിറ്റാണ്ടുകൾ പോയി. പീന്നീട് കണ്ടത് മലങ്കരസഭ കലങ്ങിമറിയുന്നതാണ്. രക്തസാക്ഷികളെവരെ സൃഷ്ടിച്ചുകൊണ്ട് രാഷ്ട്രീയക്കാരെപ്പോലും നാണിപ്പിച്ച് നിയമവ്യവസ്ഥയെപോലും തകർത്ത് മറ്റുസമുദായക്കാരുടെ പോലും കുത്തുവാക്കുകളുടെയും പരിഹാസങ്ങളുടെയും പാത്രമായി ഇന്നു സഭ. ഇനി ഒരു യോജിപ്പ് വേണോ. ശാശ്വതമല്ലാത്ത ഒരു സമാധാനം ഇനി മലങ്കരസഭയിൽ വേണോ. ഇല്ലാത്ത അധികാരങ്ങൾ എടുത്ത് പ്രയോഗിക്കുവാൻ ഇനിയും പാത്രിയർക്കീസുമാർക്ക് നാം അവസരം നൽകണോ?

ലോകത്തെ എല്ലാ ഓർത്തഡോക്സ് സഭകളും സ്വതന്ത്രമായി നിലനിൽക്കുന്നു. റഷ്യൻ ഓർത്തഡോക്സ്, അർമ്മീനിയൻ ഓർത്തഡോക്സ്, കോപ്റ്റിക് ഓർത്തഡോക്സ് തുടങ്ങിയവ പോലെ. എല്ലാവരും സാഹോദര്യബന്ധത്തിൽ പോകുന്നു. പരസ്പരം ഒരു ലൗകീക ബന്ധങ്ങളും ഇല്ലാത്തതുകൊണ്ട് യാതൊരു പ്രശ്നങ്ങളും അവിടെയില്ല. എന്നാൽ മലങ്കരയിലെ സ്ഥിതി മറിച്ചാണ്. പാത്രിയർക്കീസിനെ കൂട്ടുപിടിച്ച് അതുവഴി ജനങ്ങളിൽ ഒരു വിശ്വാസം ജനിപ്പിച്ച് ഒരു വിഭാഗം നിൽക്കുന്നു. യാക്കോബായ - ഓർത്തഡോക്സ് സഭ വിശ്വാസങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നു പറഞ്ഞ ഒരാളോട് വലിയ വ്യത്യാസങ്ങൾ ഉണ്ട് അതിൽ പ്രഥമം യാക്കോബായക്കാർക്ക് പെസഹാവ്യാഴം ബുധനാഴ്ചയും ഈസ്റ്റർ ശനിയാഴ്ചയുമാണ് എന്ന് പറയുകയുണ്ടായി. വിശ്വാസം ജനങ്ങൾക്ക് വേണ്ടി എന്നത് വിശ്വാസത്തിനുവേണ്ടി ജനങ്ങൾ എന്ന നിലയിലാണ് ഇന്ന് യാക്കോബായ സഭ. അതിനു കാരണക്കാർ പട്ടക്കാരും മേൽപട്ടക്കാരും അവരുടെ ബാവായുമാണ്. ഇങ്ങനെയുള്ളവരുമായി ഒരു യോജിപ്പുകൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടാകുമോ? ശാശ്വത സമാധാനം ഉണ്ടാകുമോ? ഒരിക്കലും ഇല്ല എന്ന് വടക്കൻ മേഖലകളിലുള്ള ഇടവകക്കാർ ഒന്നടങ്കം പറയും. കാരണം ഞങ്ങൾക്ക് കൂടുതൽ അറിയാം അവരുടെ യഥാർത്ഥ സ്വഭാവം.

അതുകൊണ്ട് ഇപ്പോൾ കിട്ടിയിട്ടുള്ള അവസരം ഓർത്തഡോക്സ് സഭ നന്നായി വിനിയോഗിക്കണം. പാത്രിയർക്കീസ് ബാവായുമായി സംസാരിച്ച് ആവശ്യമെങ്കിൽ ഭരണഘടനയിൽ വേണ്ട തിരുത്തലുകൾ വരുത്തി പരിപൂർണ്ണ സ്വതന്ത്രമായ ഇന്ത്യൻ ഓർത്തഡോക്സ് സഭയായി മാറണം. എല്ലാ വിദേശ നുകങ്ങളും തകർത്ത് സ്വതന്ത്രമായ സാഹോദര്യമുള്ള ദൈവജനമായി മാറുവാൻ പറ്റിയ സുവർണ്ണ അവസരമായി ഇതിനെ കണ്ട് വിനിയോഗിക്കണം എന്നാണ് സഭാനേതൃത്വത്തോട് എന്റെ എളിയ അപേക്ഷ.

# അനീതി അണപൊട്ടിയൊഴുകുന്നു

റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ

സങ്കീർണ്ണമായ പ്രശ്നങ്ങളിലൂടെ പ്രതിസന്ധികളെ നേരിട്ടും വെല്ലുവിളികളെ അഭിമുഖീകരിച്ചും മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. ഒന്നിനു പുറകെ മറ്റൊന്ന്. എവിടെ തിരിഞ്ഞു നോക്കിയാലും പ്രശ്നങ്ങളുടെ മേൽ പ്രശ്നങ്ങൾ. പത്രദൃശ്യമാധ്യമങ്ങൾ തുറന്നാൽ മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ. മതമൗലീക വാദങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, കൊള്ള, കൊലപാതകം, പിടിച്ചുപറി, കയ്യേറ്റങ്ങളും കടന്നാക്രമങ്ങളും എന്തിനേറെ പീഡനങ്ങളുടെ ഞെട്ടിപ്പിക്കുന്ന അതിദാരുണമായ സംഭവങ്ങൾ.

നിയമം സൃഷ്ടിക്കുന്ന നിയമനിർമ്മാണ സമിതികളും അതിലുപരി രക്ഷ നൽകേണ്ട നീതിപീഠങ്ങളും പലപ്പോഴും ദൗത്യനിർവ്വഹണത്തിൽനിന്നും വഴുതിമാറുന്നുവെന്ന ചിന്ത ജനത്തെ ഭീതിപ്പെടുത്തുന്നു. അധർമ്മം കൊടികുത്തി വാഴുന്നു. നീതി നിഷേധിക്കപ്പെടുന്നു. അന്ധകാരം പ്രകാശത്തെ വിഴുങ്ങുന്നു. തിന്മയാൽ നന്മ മൂടപ്പെടുന്നു.

മൂല്യങ്ങളുടെ മാന്യത നഷ്ടപ്പെട്ടിരിക്കുന്നു. നീതിനടത്തേണ്ടവർ അന്യായം പ്രർത്തിക്കുന്നു. അഴിമതിയാരോപണങ്ങളും കോഴക്കഥകളും സമകാലീന രാഷ്ട്രീയാന്തരീക്ഷത്തെ മലീമസപ്പെടുത്തിയിരിക്കുന്നു. ജനപ്രതിനിധികളും നാഷ്ട്രീയനേതാക്കളും ഉദ്യോഗസ്ഥ പ്രമുഖരും ഗൂഢസംഘത്തോട് ചേർന്ന് ഭരണചക്രം തിരിക്കുന്നുവെന്ന് സാധാരണ ജനം ധരിക്കുന്നുവെങ്കിൽ അവരെ കുറ്റം പറയാനാകുമോ.

വിളവുകാക്കേണ്ട വേലി വിളവുതിന്നാൻ അനുവദിച്ചുകൂടാത്തതാണ്. നിയമനിർമ്മാണ സമിതി അംഗങ്ങളും നീതിപീഠം അലങ്കരിക്കുന്നവരും നിയമപാലകരും കറ പുരളാത്തവരും സശുദ്ധതീവിതത്തിന്റെ ഉടമകളും ആയിരിക്കേണ്ടതാണ്. ധാർമ്മിക മൂല്യങ്ങൾക്ക് മഹത്വം കല്പിക്കുന്ന വ്യക്തിത്വങ്ങളായിരിക്കണം തൽസ്ഥാനങ്ങൾ അലങ്കരിക്കേണ്ടത്. ജനാധിപത്യത്തിൽ ജനപ്രതിനിധികളെ നിശ്ചയിക്കാനുള്ള അ◌ികാരം ജനങ്ങൾക്കാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർ സഭയ്ക്കകത്തും പുറത്തും അവരവരുടെ സ്ഥാനത്തിനനുസരിച്ചുള്ള മാനന്ത പുലർത്തുവാൻ മറക്കാതിരിക്കേണ്ടതാണ്. ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ തലകുനിക്കേണ്ടിവരുന്ന സംഭവപരമ്പരകളല്ലേ കഴിഞ്ഞ നിയമസഭാസമ്മേളനവേദിയിൽ അരങ്ങേറിയത്.

ജനപ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ അധികാരമുള്ള പൊതുജനത്തിന് ആവശ്യമെന്നു തോന്നിയാൽ അവരെ തിരികെവിളിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നെങ്കിൽ ഇന്ന് ഉന്നതങ്ങളിൽ വ്യവഹരിക്കുന്ന പല മഹത്തുക്കളും എവിയെയായിരിക്കുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. നിയമിക്കാൻ അധികാരമുള്ളവർക്ക് മാറ്റുവാനും അധികാരം ഉണ്ടായിരിക്കേണ്ടതാണ്. ഈ നിയമം ഉദ്യോഗസ്ഥതലത്തിൽ എന്നപോലെ ജനപ്രതിനിധികൾക്കും ബാധകമാക്കിക്കൂടെ.

# അഖില മലങ്കര ബസ്ക്യാമ്മ സമ്മേളനം

പരുമല : അഖില മലങ്കര ബസ്ക്യാമ്മ വാർഷിക സമ്മേളനംഏപ്രിൽ 28,29 തീയതികളിൽ പരുമല സെമിനാരിയിൽവെച്ചു നടന്നു. വാതിക്കൽ വന്നു മുട്ടുന്ന ക്രിസ്തു എന്നതായിരുന്നു മുഖ്യചിന്താവിഷയം. ഗാന്ധിയൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസിലർ ഡോ.ജാൻസി ജെയിംസ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രസ്ഥാനം പ്രസിഡന്റ് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. പരുമല സെമിനാരി മാനേജർ ഔഗേൻ റമ്പാൻ ആശംസകൾ അറിയിച്ചു.

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഫാ.പ്രൊഫ.കുര്യൻ ദാനിയേൽ, ഫാ.തോമസ് വർഗീസ് ചാവടിയിൽ, പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ.പ്രൊഫ.ജോർജ് മാത്യു കുറ്റിക്കണ്ടത്തിൽ എന്നിവർ ക്ലാസ്സെടുത്തു. ഡീക്കൻ ജിത്തു തോമസ് ക്വിസ് മത്സരത്തിനു നേതൃത്വം നൽകി. ഫാ.അഡ്വ.തോമസ് പണിക്കർ ധ്യാനം നയിച്ചു.

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനം പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. വൈദികർക്കുവേണ്ട പ്രേരണയും കൈത്താങ്ങും നൽകുന്ന ബസ്ക്യാമ്മമാരുടെ സേവനം വിലമതിക്കാനാവാത്തതാണെന്നു പ.ബാവാ പറഞ്ഞു. ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പ്രഭാഷണം നടത്തി. കുട്ടികളുടെയും ബസ്ക്യാമ്മമാരുടെയും കലാമത്സങ്ങളും നടത്തപ്പെട്ടു. പ്രസ്ഥാനം ജനറൽ സെക്രട്ടറി ജസ്സി വർഗ്ഗീസ് കൃതജ്ഞത അറിയിച്ചു. അടുത്ത മേഖലാസമ്മേളനം നവംബർ 11,12 തീയതികളിൽ ബറോഡായിൽവച്ചു നടക്കും. പോകുവാൻ ആഗ്രഹിക്കുന്നവർ ജനറൽ സെക്രട്ടറിയുടെയോ പ്രസ്ഥാനത്തിന്റെ ഭദ്രാസന തലസെക്രട്ടറിമാരുടെയോപക്കൽ പേരുകൾ നൽകേണ്ടതാണ്.

# ഫാ. സി. സി. ജോർജ് നിര്യാതനായി



അടൂർ : പെരുന്നാൾ റാസയ്ക്കിടെ അകമ്പടി വാഹനം തട്ടി ഐക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി മുൻ വികാരി ഫാ.സി.സി.ജോർജ് നിര്യാതനായി,. പെരുന്നാളിനോടനുബന്ധിച്ചുള്ള റാസയ്ക്കിടയിൽ റോഡരുകിൽ നിന്ന വിശ്വാസികളെ അനുഗ്രഹിച്ചു തിരിയവെ അകമ്പടി വാഹനം തട്ടുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. വാഹനം ഇടിച്ചതിനെ തുടർന്ന് റോഡിൽ വീണ വൈദികനെ അടൂരിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് പരുമല സ്വകാര്യ ആശുപത്രിയിലും എത്തിച്ചെങ്കിലും രാത്രി ഒന്നരയോടെ മരിച്ചു.

ആനന്ദപ്പള്ളി സ്വദേശിയായ ഫാ.സി.സി.ജോർജ് അടൂർ കണ്ണംകോട് ശ്രേയസ്സ് അരമനയിലായിരുന്നു താമസം. വെട്ടിയാർ സെന്റ് ജോർജ്, വള്ളിക്കുന്നം സെന്റ് ജോർജ്, കണ്ണനാംകുഴി സെന്റ് ജോർജ്, അമ്പലക്കര സെന്റ് ജോർജ്, കരവാളൂർ സെന്റ് ജോർജ്, അമ്പലത്തുംകാല സെന്റ് ജോർജ്, നെല്ലിക്കുന്നം സെന്റ് ജോർജ്, പുനലൂർ വാളക്കോട് സെന്റ് ജോർജ്, ആദിച്ചനല്ലൂർ സെന്റ് ബഹനാൻസ്, മീയന്നൂർ സെന്റ് ജോർജ്, ശൂരനാട് സെന്റ് മേരീസ് തുടങ്ങി ഇരുപത്തഞ്ചോളം പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

# യുവജനപ്രസ്ഥാനം രാജ്യാന്തര സമ്മേളനം

കോട്ടയം : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം രാജ്യാന്തര സമ്മേളനം മെയ് 14 മുതൽ 16 വരെ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടക്കും. മെയ് 14ന് പ.പാമ്പാടി തിരുമേനിയുടെ കബറിടത്തിൽ ധൂപപ്രാർത്ഥനയ്ക്കുശേഷം ഫാ.ഡോ.ടി.ജെ. ജോഷ്വാ പ്രസംഗിക്കും. നാലിന് പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും. യൂഹാനോൻ മാർ പോളീകാർപ്പോസ് അദ്ധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി ജിജി തോംസൺ മുഖ്യ സന്ദേശം നൽകും. കർമ്മപദ്ധതികളുടെ ഉദ്ഘാടനം ഹൈക്കോടതി ജഡ്ജി ഷാജി പി.ചാലി നിർവ്വഹിക്കും. ഗീവർഗീസ് മാർ കൂറിലോസ് അനുഗ്രഹപ്രഭാഷണം നടത്തും. മെയ് 15ന് മതനിരപേക്ഷതയുടെ ഭാരതം എന്ന വിഷയത്തിൽ നടക്കുന്ന സംവാദത്തിൽ തോമസ് കുരുവിള മോഡറേറ്ററായിരിക്കും. കെ. സുരേഷ് കുറുപ്പ് എം.എൽ.എ., രാജ് മോഹൻ ഉണ്ണിത്താൻ, വി.വി.രാജേഷ് എന്നിവർ പങ്കെടുക്കും. മെയ് 16ന് നടക്കുന്ന സമാപനസമ്മേളനത്തിൽ യൂഹാനോൻ മാർ പോളീകാർപ്പോസ് അദ്ധ്യക്ഷത വഹിക്കും. എം.ജി.സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മുഖ്യ സന്ദേശനം നൽകും. ജോഷ്വാ മാർ നിക്കോദിമോസ് അനുഗ്രഹപ്രഭാഷണം നടത്തും. ഫാ. പി.വൈ.ജസ്സൻ, ബോബിൻ മർക്കോസ്, ഷിബു മാത്യു തുടങ്ങിയവർ നേതൃത്വം നൽകും.

# അപേക്ഷകൾ ക്ഷണിക്കുന്നു

ഹരിപ്പാട് സെന്റ് തോമസ് ഓർത്തഡോക്സ് ബാലഭവനിലേക്ക് പുതിയ കുട്ടികളുടെ അഡ്മിഷൻ 2015 മെയ് മാസത്തിൽ ആരംഭിക്കുന്നതാണ്. ആയതിലേക്ക് 5 വയസ്സു മുതൽ 10 വയസ്സുവരെ പ്രായമുള്ള അനാഥരും നിർദ്ധനരുമായ ആൺകുഞ്ഞുങ്ങളെ ജാതിമത വ്യത്യാസമില്ലാതെ ഈ സ്ഥാപനത്തിൽ നിർത്തി പത്താം ക്ലാസ്സുവരെ പഠിപ്പിക്കുന്നതാണ്. ബാലഭവന്റെ ഓഫീസിൽനിന്നും അപേക്ഷാഫോറം കിട്ടുന്നതാണ് പൂരിപ്പിച്ച അപേക്ഷ മെയ് 14നു മുമ്പായി ബാലഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണെന്ന് സെക്രട്ടറി സുനിൽ കെ. ജോർജ് അറിയിച്ചു. ഫോൺ : 0479-2139032, 2412764

# സൗജന്യ മെഡിക്കൽ ക്യാമ്പും ആരോഗ്യബോധവൽക്കരണ ക്ലാസ്സും

റാന്നി : നിലയ്ക്കൽ ഭദ്രാസന മാനവ ശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ കോഴഞ്ചേരി മുത്തൂറ്റ് മെഡിക്കൽ സെന്ററിന്റെ സഹായത്തോടുകൂടി സൗജന്യ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും നടന്നു. മെയ് 9ന് അയിരൂർ വെള്ളയിൽ മാർ ഗ്രിഗോറിയോസ് മിഷൻ സെന്ററിൽ നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി ഫാ.ഷൈജു കുര്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ രാജു ഏബ്രഹാം എം.എൽ.എ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് അനുഗ്രഹപ്രഭാഷണം നടത്തി. ഫാ.സൈമൺ വർഗീസ്, ജേക്കബ് മാത്യു, എം.കെ.തോമസുകുട്ടി, ഡോ.രേണു, ബിജി ബിജു തുടങ്ങിയവർ പ്രസംഗിച്ചു.

# വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**Lilly Bombay**

**Vol. 21 Issue 14**
**May 15**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 40/ 2015-2017

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 07/2015-17

**ചിരിവര ——— ജോയി കുളനട**



# വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും കൺവൻഷനും

നല്ലില : പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രവും പ.പരുമല തിരുമേനിയുടെ തിരുശേഷിപ്പിനാൽ ധന്യവുമായ നല്ലില ബഥേൽ സെന്റ് ജോർജ് ഓർത്തഡോക്സ് തീർത്ഥാടനപള്ളിയുടെ മദ്ധ്യസ്ഥനായ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും കൺവൻഷനും ഏപ്രിൽ 26 മുതൽ മെയ് 5 വരെ സഖറിയാ മാർ അന്തോണിയോസ്, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ.സഖറിയാസ് മാർ അപ്രേം എന്നീ മെത്രാപ്പോലീത്താമാരുടെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷിച്ചു. ശതാബ്ദി സ്മാരക ഭവനദാന കൂദാശ, ശതാബ്ദി സ്മാരക കവാടകൂദാശ, പദയാത്രാ സംഗമവും സ്വീകരണവും തുടങ്ങി വിവിധ പരിപാടികൾ നടന്നു. മെയ് 1ന് നടന്ന സമ്മേളനത്തിൽ ഋഷിരാജ് സിംഗ് ഐ.പി.എസിന് ജോർജ്ജിയൻ അവാർഡ് സമ്മാനിച്ചു. സമ്മേളനം മന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്തു. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

# സി.പി.ചാണ്ടിയെ അനുസ്മരിച്ചു

പത്തനംതിട്ട : സഭാകവി സി.പി.ചാണ്ടി അനുസ്മരണ സമ്മേളനം കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ മികച്ച അദ്ധ്യാപകർക്കുള്ള ആചാര്യ അവാർഡ് കോഴിക്കോട് കാരന്തൂർ മർക്കസ് ഹയർസെക്കണ്ടറി സ്ക്കൂളിലെ ഫിസിക്കൽ സയൻസ് അദ്ധ്യാപകൻ നിയാസ് ചോലയ്ക്ക് മെത്രാപ്പോലീത്താ സമ്മാനിച്ചു. ജേക്കബ് പി.ഫിലിപ്പ് കോർഎപ്പിസ്കോപ്പാ, തോമസ് ജോൺ കോർഎപ്പിസ്കോപ്പാ, കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പാൾ ഡോ.മാത്യു പി.ജോസഫ്, ഡോ.ടി.എ.ജോർജ്, റെജി താഴമൺ, ആചാര്യ അവാർഡ് സെക്രട്ടറി ജോൺ കുര്യൻ എന്നിവർ പ്രസംഗിച്ചു. സഭാകവിയുടെ സ്മരണയ്ക്കായി മർത്തമറിയം സമാജാംഗങ്ങൾക്കായി നടത്തിയ ആരാധനാഗീതം സമൂഹഗാന മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനവും വിതരണം ചെയ്തു.

# നിലയ്ക്കൽ ഭദ്രാസന ബാലസമാജം കലാമത്സരം

റാന്നി : നിലയ്ക്കൽ ഭദ്രാസന ബാലസമാജം കലാമത്സരം മെയ് 17നു റാന്നി സെന്റ് തോമസ് അരമനയിൽവച്ച് നടത്തപ്പെടും. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ കലാമത്സരങ്ങൾ ഉദ്ഘാടനം ചെയ്യും. സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽനിന്നും കുട്ടികൾ പങ്കെടുക്കും. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂണിറ്റുകൾക്ക് മാർ മക്കാറിയോസ് ഫൗണ്ടേഷൻ അവാർഡ് നൽകുമെന്ന് ബാലസമാജം ജനറൽ സെക്രട്ടറി ജേക്കബ് തോമസ് അറിയിച്ചു.

# പത്തനാപുരം കൺവൻഷൻ

പത്തനാപുരം : പത്തനാപുരം സെന്റർ ഓർത്തഡോക്സ് കൺവൻഷൻ മെയ് 20 മുതൽ 24 വരെ പത്തനാപുരം മാർ ദീവന്നാസിയോസ് നഗറിൽ നടക്കും. ഡോ.ജോസഫ് മാർ ദീവന്നാസിയോസ്, ഫാ.ജോജി കെ.ജോയി, ഫാ.ഫിലിപ്പ് തരകൻ, ഫാ.ഒ.തോമസ്, ഡോ. ബിജു ജേക്കബ് തുടങ്ങിയവർ വൈകുന്നേരങ്ങളിലെ കൺവൻഷൻ യോഗങ്ങളിൽ പ്രസംഗിക്കും. 21-ാം തീയതി പകൽ ടീനേജ് മീറ്റിംഗ്, വെള്ളിയാഴ്ച പകൽ കുടുംബസംഗമം പരിപാടിയിൽ കപ്പൂച്ചിൻ സഭാംഗമായ ഫാ.ജോസഫ് പുത്തൻപുരയ്ക്കൽ, ശനിയാഴ്ച പകൽ സണ്ടേസ്ക്കൂൾ കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് മീറ്റ് എന്നിവയും പ.വലിയ ബാവാ തിരുമേനിയുടെ ഒന്നാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് അനുസ്മരണ പ്രഭാഷണവും നടത്തും. കൺവമൻഷനിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ഡോ.സഖറിയാസ് മാർ അപ്രേം, സഭയിലെ മറ്റു തിരുമേനിമാർ തുടങ്ങിയവർ അനുഗ്രഹപ്രഭാഷണം നടത്തും. 2015-ലെ കൺവൻഷൻ ഭാരവാഹികളായി വൈസ് പ്രസിഡന്റ് ഫാ.ജോസഫ് ജോർജ്, ജനറൽ കൺവീനറായി ഫാ.ജേക്കബ് റോയി എൻ.ജെ., ജനറൽ സെക്രട്ടറിയായി സജി വാഴത്തോപ്പ്, ട്രഷററായി ലാൻസി തരകൻ എന്നിവരെയും വിവിധ കമ്മിറ്റികളുടെ ചെയർമാന്മാരെയും കൺവീനറെയും തെരഞ്ഞെടുത്തു.

# മാർ ഡയനീഷ്യസ് ബാലികാഭവൻ

നിരണം ഭദ്രാസനാധിപനായിരുന്ന തോമ്മാ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പാവന സ്മരണ നിലനിർത്തുന്നതിനുവേണ്ടി പത്തനാപുരം മൗണ്ട് താബോർ കോൺവെന്റിലെ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ തിരുവല്ലാ തെങ്ങേലിയിൽ സ്ഥാപിതമായ ബാലികാഭവൻ ഇപ്പോൾ പത്തുവർഷം പിന്നിട്ടിരിക്കുകയാണ്. ജാതിമതഭേദമന്യെ നിരാശ്രയരും നിരാലംബരും പഠിത്തത്തിൽ സമർത്ഥരുമായ അഞ്ചു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഇവിടെ പ്രവേശനം നൽകിവരുന്നു. കുട്ടികളുടെ താമസം, ഭക്ഷണം, വിദ്യാഭ്യാസ ചെലവുകൾ തുടങ്ങിയവ ബാലികാഭവനിൽനിന്നും വഹിക്കേണ്ടതാണ്. അർഹരായ കുട്ടികളുടെ ബന്ധുമിത്രാധികൾ ബാലികാഭവനുമായി നേരിട്ടോ ഫോണിലോ (0469-2615014) ബന്ധപ്പെടേണ്ടതാണ്. മാർ ഡയനീഷ്യസ് ബാലികാഭവൻ, തെങ്ങേലി, കുറ്റൂർ, തിരുവല്ല - 689106

# വിദ്യാരംഭ മാർഗ്ഗനിർദ്ദേശ ക്യാമ്പും പ്രാർത്ഥനാദിനവും

റാന്നി : നിലയ്ക്കൽ ഭദ്രാസന സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ ചുമതലയിൽ അടുത്ത അധ്യയനവർഷത്തിൽ സ്ക്കൂൾ തലത്തിൽ എട്ടുമുതൽ 12 വരെ ക്ലാസ്സുകളിൽ പഠനം ആരംഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടിയും വിദ്യാരംഭ മാർഗ്ഗനിർദ്ദേശക ക്യാമ്പും പ്രാർത്ഥനാദിനവും മെയ് 17 ഞായറാഴ്ച റാന്നി സെന്റ് തോമസ് അരമനയിൽ നടക്കും. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിലുള്ള വി.കുർബ്ബാനയ്ക്കുശേഷം ചേരുന്ന സമ്മേളനത്തിൽ ഭദ്രാസന സണ്ടേസ്ക്കൂൾ വൈസ് പ്രസിഡന്റ് ഫാ.തോമസ് കുന്നുംപുറം അദ്ധ്യക്ഷത വഹിക്കും. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രൊഫ.ക്രിഷ് കുട്ടികൾക്ക് ക്ലാസ്സെടുക്കും. സെന്റ് ഗ്രിഗോറിയോസ് ഗോസ്പൽ ടീം മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകും. ക്യാമ്പിന്റെ ക്രമീകരണങ്ങൾ പൂർത്തിയായതായി ഭദ്രാസന സണ്ടേസ്ക്കൂൾ സെക്രട്ടറി ജോസ് കെ.എബ്രഹാം അറിയിച്ചു.

Welcome to
A celebration of life.




Irene Homes is a celebration of life for the retired and the aged. Irene Homes provide a whole basket of services and amenities that truly make life a celebration. Situated amidst beautifully laid out landscaped lawn and perfectly designed apartments, Irene Homes gives everything an aged person would need. So go on, celebrate life after retirement.

**Amenities :** ♦Well Furnished 1&2 Bedroom Flats ♦House keeping Services ♦Laundry ♦ Fully Equiped Kitchen & Restaurant ♦Nursing ♦Clinic ♦Day Care for Elders ♦24 Hour Electronic Surveillance Systems Administration Block ♦Chapel♦Library & Reading Room ♦Health Club ♦Pool & Pool Deck area ♦Outdoor Games ♦Indoor Games (Chess, Caroms etc.) ♦Jogging Track ♦Parking Area ♦Amphitheater ♦Landscaped Gardens & Working Areas ♦Yoga/ Meditation Space ♦Living unites ♦ Recreation Space

The Executive Committee
Chief Patron : RT. REV.DR.MATHEWS MAR MAKARIOS
President : VERY REV. P.T. THOMAS Ph: 94474 40103
Vice Presidents : REV. JOSEPH CHACKO Ph: 96455 05987
MR.CHERIYAN VARKEY Ph: 98477 00199
Secretary : MR.OOMMEN JOHNSON Ph: 98460 10555
Treasurer : Adv. PHILIP MATHEW Ph: 98460 44370

♦1 & 2 Bedroom ♦Apartments, 520 sq.ft - 878 sq.ft.
♦Rs.18 lakhs to 30 Lakhs (Refundable)

irene homes by CCWS
A RETIREMENT HOME FOR SENIOR CITIZENS

Chrysostom Mount, Puthencruz, Ernakulam Dist, Kerala, Pin - 682 308
CITY OFFICE : Irene Homes, Presidency Business Center, High Court Jn., Banerji Road, Ernakulam.
Adv. Renjith Koshy IRS (Rtd.) Hon. Administrator - 94465 33632
E-mail: irenehomespcruz@gmail.com, Web: www.irenehomes.com

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor